മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 23 | THE ONLINE OFFICIAL NEWS BULLETIN | 2023 June 10

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
11 2nd Sunday after Pentecost; Commn. of St. Bartholomew the Apostle; 134th Memorial of Shemavon Mar Athanasius (Kottayam Puthen Palli); 95th Memorial of Geevarghese Mar Severios (Kottayam Valiya Palli) ♪1	12 ♪5	13 ♪1	14 ♪5	15 First Church establised in the name of Virgin Mary ♪1	16 Apostles' Fast Begins ♪5	17 ♪1



കണ്ണ് തുറക്കണം, കണ്ണുനീർ ഒപ്പണം: പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

തിരുവല്ല: കണ്ണു തുറന്ന് കണ്ണുനീർ ഒപ്പുന്ന പ്രവർത്തനങ്ങളിലാണ് അർത്ഥവും ഭാവവും രൂപവും സന്ദേശവും ലോകത്തിന് നൽകുവാൻ സാധിക്കുന്നത് എന്നും ധാരാളിത്വവും ധൂർത്തും ഇന്ന് പെരുകി വരുന്നതായും പട്ടിണി മരണം മൂലം ലക്ഷക്കണക്കിന് ആളുകൾ മരിക്കുന്ന ലോകത്ത് അമിതമായ ഭക്ഷണം മൂലം രോഗത്തിന് അടിമപ്പെട്ട് മരിക്കുന്നവരുടെ എണ്ണവും വളരെയാണെന്നും ഇതിനെ ഗൗരവമായി കാണണമെന്നും ജീവിതം സ്വാർത്ഥ രഹിതമാക്കി ജീവന്റെ സംരക്ഷകരായി നാം മാറണമെന്നും ആർത്തി സംസ്കാരം ഉപേക്ഷിച്ച് പങ്കിടിന്റെ സന്തോഷം പങ്കുവയ്ക്കുവാൻ കഴിയണമെന്നും പ. മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ പറഞ്ഞു.

വൈ.എം.സി.എ. ദേശീയ സമിതിയുടെ നേതൃത്വത്തിൽ നടന്ന എക്യുമെനിക്കൽ അസംബ്ലിയും സ്ഥാപക ദിനാചരണവും തിരുവല്ലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.


സർവ്വരെയും കരുതുന്ന അതിർവരമ്പുകളില്ലാത്ത പ്രവർത്തനങ്ങളിലൂടെയാണ് സാർവത്രിക മാനവികത ഉയർത്തിപ്പിടിച്ച പ്രസ്ഥാനമായി വൈ.എം.സി.എ. ക്ക് വളരുവാൻ സാധിച്ചത് എന്നും കാതോലിക്ക ബാവ കൂട്ടിച്ചേർത്തു.

ദേശീയ പ്രസിഡൻറ് ഡോ. വിൻസൻറ് ജോർജ് അധ്യക്ഷത വഹിച്ചു. ഡോ. തിയഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാൻ എക്യുമെനിക്കൽ സന്ദേശവും ദേശീയ ട്രഷറർ റെജി ജോർജ് സ്ഥാപക ദിന സന്ദേശവും നൽകി.

മുൻ ദേശീയ അധ്യക്ഷൻ ജസ്റ്റിസ് ജെ. ബെഞ്ചമിൻ കോശിയെ ആദരിച്ചു. റീജണൽ ചെയർമാൻ ജോസ് നെറ്റിക്കാടൻ, ജനറൽ കൺവീനർ ജോജി പി.തോമസ്, ഫാ. ഷൈജു കുര്യൻ, ഡോ. റേയ്സ് മല്ലശ്ശേരി, വർഗീസ് ടി. മങ്ങാട് തുടങ്ങിയവർ പ്രസംഗിച്ചു.



ഔഗേൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ പതിനാറാം ഓർമ്മ പെരുന്നാൾ വാകത്താനം വള്ളിക്കാട്ട് ദയറായിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ആചരിച്ചു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസും സഖറിയാ മാർ സേവേറിയോസും സഹകാർമ്മികത്വം വഹിച്ചു.



പരുമല സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന യൂയാക്കിം മാർ ഈവാനിയോസിന്റെ 98-ാം ഓർമ്മപെരുന്നാളിന് യൂഹാനോൻ മാർ പോളികാർപ്പോസ് മുഖ്യകാർമികത്വം വഹിച്ചു.




ലോകപരിസ്ഥിതി ദിനാചരണം, മലങ്കര ഓർത്തഡോക്സ് സഭ ബാലസമാജം കോട്ടയം ഭദ്രാസനതല പരിപാടികൾ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് പാത്താമുട്ടം സെന്റ് മേരീസ് ചാപ്പൽ അങ്കണത്തിൽ വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു. ചാപ്പൽ വികാരി ഫാ. ഫീലിപ്പോസ് ഫീലിപ്പോസ് സമീപം.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 4



ഡോ. തോമസ് മാർ അത്താനാസിയോസ്

ലൂക്കോസിന്റെ സുവിശേഷത്തിൽ പഴയനിയമ വെളിപാടിന്റെ ആധികാരികത ക്രിസ്തു അംഗീകരിക്കുന്ന നിലയിലാണ് സുവിശേഷകന്റെ അവതരണം. ഇതിനോട് അനുരൂപമാണോ ഇതര സുവിശേഷങ്ങളും എന്നതു സംബന്ധിച്ച് ഹ്രസ്വമായ ഒരു അന്വേഷണം ഈ സാഹചര്യത്തിൽ ഉചിതമായിരിക്കും. അവയുടെ രചയിതാക്കൾ യഹൂദ പാരമ്പര്യത്തിൽ പെട്ടവരാകയാൽ തങ്ങളുടെ മത പൈതൃകത്തിന്റെ സാധുത നിലനിർത്തിക്കൊണ്ട് ക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപാട് അവതരിപ്പിക്കുവാനുള്ള പ്രവണത സ്വാഭാവികമായിരിക്കും. ആദിമസഭയുടെ ഈ വിഷയത്തിലുള്ള പൊതുവായ കാഴ്ചപ്പാട് കണ്ടെത്തുവാനുള്ള ശ്രമത്തിൽ ഈ പഠനം സഹായകമാകേണ്ടതാണ്. എന്നാൽ ആ കാര്യത്തിനായി ഈ മൂന്ന് സുവിശേഷങ്ങളുടെ വിശകലനത്തിനും പഠനത്തിനും ഈ ലേഖനത്തിന്റെ സ്ഥലപരിമിതി അനുവദിക്കുന്നില്ല .

ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ലൂക്കോസിന്റേതുൾപ്പെടെയുള്ള മൂന്നു സുവിശേഷങ്ങൾ (Synoptic Gospels) സമാനത പുലർത്തുന്നു. അവയിൽ നിന്നും ലൂക്കോസിന്റെ സുവിശേഷം അവയെ പ്രതിനിധീകരിച്ച് പഠനവിധേയമാക്കിക്കഴിഞ്ഞു. അവയ്ക്കു പുറത്ത് അവശേഷിക്കുന്ന ഏക സുവിശേഷം യോഹന്നാന്റേതു മാത്രമാണ്. കൂടാതെ യോഹന്നാൻ യഹൂദവംശത്തിൽപെട്ട വ്യക്തിയാണെങ്കിലും അവരുമായി മത-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ അകലം പാലിക്കുന്നതായിട്ടാണ് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നത് (യോഹ. 11:54; 12:9; 11:45; 7:2; 2:13; 3:2) . അതുകൊണ്ട് നാം കൈകാര്യം ചെയ്യുന്ന വിഷയം സംബന്ധിച്ച് നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ നിഗമനത്തിൽ എത്തുവാൻ യോഹന്നാന്റെ സുവിശേഷ പഠനമാകും ഏറ്റവും അനുയോജ്യം. പഴയനിയമം സംബന്ധിച്ച് ക്രിസ്തുവിന്റെ കാഴ്ചപ്പാട് കണ്ടെത്തുന്നതിനായി യോഹന്നാന്റെ സുവിശേഷം പഠനവിധേയമാക്കുന്നു .

ക്രിസ്തു യഹൂദന്മാരോട് പറയുന്നു: “നിങ്ങൾക്ക് മന്നാ പൊഴിച്ചു തന്നത് മോശയല്ല; എന്റെ പിതാവായിരുന്നു” (യോഹ. 6:32). പുറപ്പാട് പുസ്തകത്തിൽ ഇസ്രായേൽക്കാർക്ക് മന്നാ നൽകിയത് യഹോവയാണ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (പുറ. 16: 4-21). കനാനിലേക്കുള്ള യാത്രയിൽ ഭക്ഷണക്ഷാമം അനുഭവിച്ച ഇസ്രായേൽ ജനം മോശയ്ക്കും അഹറോനും എതിരെ പിറുപിറുത്തു. പ്രതിസന്ധിയിലായ മോശയോട് യഹോവ പറയുന്നു: ഞാൻ ആകാശത്തു നിന്ന് അപ്പം പൊഴിക്കും; ജനം പോയി അത് ശേഖരിക്കട്ടെ (പുറ. 16:4). ഈ യഹോവയെ പറ്റിയാണ് ക്രിസ്തു പറയുന്നത് : നിങ്ങളുടെ പിതാക്കന്മാർക്ക് അപ്പം നൽകിയത് എന്റെ പിതാവാണ് (യോഹ 6:32). പഴയനിയമത്തിൽ വെളിപ്പെട്ട യഹോവ തന്റെ പിതാവാണ് എന്നാണ് ക്രിസ്തു ഇവിടെ അവകാശപ്പെടുന്നത്. ക്രിസ്തു പഴയനിയമത്തിലെ ദൈവത്തെ തന്റെ പിതാവെന്ന് അവകാശപ്പെടുന്നുവെങ്കിൽ ക്രിസ്തുവിശ്വാസികൾക്ക് ആ അവകാശവാദത്തെ നിഷേധിച്ച് ആ ദൈവം ക്രിസ്തുവിന്റെ ആരുമല്ല എന്ന് എങ്ങനെ വാദിക്കാനാവും? ക്രിസ്തുവിന്റെ വാക്കുകൾ നിഷേധിച്ചുകൊണ്ട് മാത്രമേ ക്രിസ്തുവിന്റെ യഹോവാ ബന്ധം തള്ളിക്കളയാനാവൂ.

അതുപോലെതന്നെ ക്രിസ്തു യെരുശലേം ദേവാലയത്തിൽ പ്രവേശിച്ച് ശുദ്ധീകരണം നിർവ്വഹിക്കുന്നു. അതിനുള്ള അധികാരം ചോദ്യം ചെയ്യപ്പെട്ടപ്പോൾ അത് തന്റെ പിതാവിന്റെ ഭവനമാണ് എന്ന് മറുപടി പറയുന്നു (യോഹ. 2: 16). യെരുശലേം ദേവാലയം യഹോവയുടെ നാമത്തിൽ നിർമ്മിക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു എന്നത് പഴയനിയമം സാക്ഷിക്കുന്നു (1 രാജാ. 8:15; 8:20). അതു നിർമ്മിക്കപ്പെട്ടതാകട്ടെ യഹോവയുടെ കല്പനപ്രകാരവും (1 രാജാ. 8:52). യെരുശലേം ദേവാലയം തന്റെ പിതാവിന്റേതായതുകൊണ്ട് അത് തന്റെ ഭവനമായിട്ടാണ് ക്രിസ്തു കാണുന്നത്. ഈ തന്റെ യഹോവാബന്ധ



ത്തിന്റെ അടിസ്ഥാനത്തിലാണ് അതു ദുരുപയോഗപ്പെടുത്തിയ സാഹചര്യത്തിൽ ക്രിസ്തു ആത്മരോഷം കൊള്ളുന്നത് (യോഹ. 2:17; മത്താ. 21:12; മർക്കോ. 11:15-17). മറ്റേതെങ്കിലും ദൈവത്തിന്റെ ആലയമായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ രോഷത്തിന് അടിസ്ഥാനം ഉണ്ടാകുമായിരുന്നില്ല. യഹോവ തന്റെ പിതാവാണ് എന്നതാണ് യെരുശലേം ദേവാലയത്തെ തന്റെ ഭവനമാക്കുന്ന ഘടകം .

വീണ്ടും യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു യഹൂദന്മാരുമായി തർക്കത്തിൽ ഏർപ്പെടുന്ന സാഹചര്യത്തിൽ അവരുടെ ദൈവം തന്റെ പിതാവാണ് എന്ന് തീർത്തു പറയുന്നു: നിങ്ങൾ നിങ്ങളുടെ ദൈവം എന്നു പറയുന്ന എന്റെ പിതാവ് (യോഹ. 8: 54). യഹോവ യഹൂദന്മാരുടെ ദൈവമെന്ന് സ്ഥാപിക്കേണ്ട കാര്യമില്ലല്ലോ. സഭയിൽ ഈ തർക്കം സൃഷ്ടിക്കുന്നവരും അത് അംഗീകരിക്കുന്നു. ആ ദൈവം തന്നെയാണ് തന്റെ പിതാവ് എന്നാണ് ഇവിടെ ക്രിസ്തു അവകാശപ്പെടുന്നത്. ക്രിസ്തു യഹൂദന്മാരുടെ ദൈവവുമായ തന്റെ ബന്ധം വ്യക്തമാക്കിയ സാഹചര്യത്തിൽ വിശ്വാസികളെ സംബന്ധിച്ച് ബന്ധം വ്യക്തമായി. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന രേഖ ക്രിസ്തുവും തിരുവചനവും ആയിരിക്കേ അവ വേണ്ടവിധം പഠിക്കാതെ ജനത്തെ വഴിതെറ്റിക്കുന്നവർക്ക് മാത്രമേ ഈ കാര്യത്തിൽ തർക്കം ഉണ്ടാക്കാനാവൂ. പഴയനിയമത്തിലെ ദൈവത്തെ തന്റെ പിതാവ് എന്ന നിലയിൽ ക്രിസ്തു വെളിപ്പെടുത്തിയതിനാലാണ് അവനെ യഹൂദപാരമ്പര്യത്തിൽ വളർന്ന ശിഷ്യസമൂഹം അംഗീകരിച്ചതും സാക്ഷ്യപ്പെടുത്തിയതും എന്ന് നാം തിരിച്ചറിയണം. ഇതര സുവിശേഷങ്ങളിലും ക്രിസ്തുവിന്റെയും സുവിശേഷകരുടെയും നിലപാട് ഇതുതന്നെയാണ്.

പുതിയനിയമത്തിൽ സുവിശേഷം എന്ന പോലെ പഴയനിയമത്തിന്റെ പ്രധാന പ്രമേയമെന്നത് ന്യായപ്രമാണമാണ്. ഇതിന്റെ സാധുതയും ക്രിസ്തുവും പുതിയനിയമ രചയിതാക്കളും സാധൂകരിക്കുന്നു. അത് യഹോവയുടെ പ്രമാണമായതുകൊണ്ട് സഭയ്ക്ക് ബാധകമല്ല എന്ന വാദം പഠന വിഷയമാക്കേണ്ടതുണ്ട്. ന്യായപ്രമാണത്തെ ദൈവികവെളിപാടായി തന്നെയാണ് അവിടെയും നാം കാണുന്നത് . ക്രിസ്തു പറയുന്നു : ആകാശവും ഭൂമിയും അഴിഞ്ഞു പോകും. എങ്കിലും ന്യായപ്രമാണത്തിൽ നിന്ന് വള്ളി പുള്ളി മാറ്റപ്പെടുകയില്ല (മത്താ. 6:19). സുവിശേഷത്തെ ന്യായപ്രമാണത്തിന്റെ തുടർ വെളിപാടായിട്ടാണ് മത്തായിയുടെ സുവിശേഷത്തിൽ ക്രിസ്തു പറയുന്നത്. ക്രിസ്തുവിനെ പുതിയ മോശയായിട്ടാണ് മത്തായി വിഭാവനം ചെയ്യുന്നത് (Elaine PagelS ; The origin of

Satan, P 19). നിത്യജീവൻ പ്രാപിക്കുവാനുള്ള അന്വേഷണവുമായി വരുന്ന യുവാവിനോട് ന്യായപ്രമാണം അനുശാസിക്കുന്ന കല്പനകൾ ആചരിക്കുവാനാണ് കർത്താവ് നിർദ്ദേശിക്കുന്നത്. പൂർണ്ണനാകുവാൻ തന്നെ അനുഗമിക്കുക എന്ന ഉപദേശവും കൊടുക്കുന്നു (മർക്കൊ. 10: 17-2; മത്തായി 19:16-22; ലൂക്കോസ് 18:18-22). ഇവിടെയും യഹോവയുടെ ന്യായപ്രമാണത്തിന്റെ സാധുത ക്രിസ്തു അംഗീകരിക്കുകയാണ്. നിത്യജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി വരുന്ന ന്യായശാസ്ത്രിയോട് ന്യായപ്രമാണം എന്തു പറയുന്നു എന്ന മറുചോദ്യമാണ് കർത്താവ് ഉന്നയിക്കുന്നത്. ദൈവത്തെ സ്നേഹിക്കണം, മനുഷ്യനെ സ്നേഹിക്കണം എന്നാണ് ന്യായപ്രമാണം പറയുന്നത് എന്ന് അവൻ മറുപടി പറയുന്നു. ക്രിസ്തു അവനോട് പറയുന്നു: നീ അപ്രകാരം ചെയ്യുക. നീ ജീവിക്കും (ലൂക്കോ 10:25-28). ഇവിടെയും ക്രിസ്തു ന്യായപ്രമാണത്തിന്റെ സാധുതയാണ് വ്യക്തമാക്കുന്നത് . മാത്രമല്ല , ന്യായപ്രമാണത്തിന്റെ ഉള്ളടക്കം ദൈവ-മനുഷ്യസ്നേഹം ആണ് എന് വിശദീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് യഹൂദജനതയുടെ ദൈവത്തെ മാത്രമല്ല ദൈവം നൽകിയ ന്യായപ്രമാണത്തിന്റെ ആധികാരികതയും ക്രിസ്തു ഇവിടെ അംഗീകരിക്കുകയാണ്. പഴയനിയമം ദൈവിക വെളിപാടെന്നും പഴയനിയമത്തിലെ ദൈവം ക്രിസ്തുവിന്റെ പിതാവെന്നും ന്യായപ്രമാണം ആധികാരികമെന്നും സുവിശേഷങ്ങൾ സാക്ഷിക്കുന്നതായി ഇതുവരെയുള്ള വിശദീകരണങ്ങളിൽ നിന്നും വ്യക്തമായി.

ഇസ്രായേൽ അഥവാ യഹൂദർ ദൈവജനമാണെന്നും പുതിയനിയമസഭ അതിന്റെ പിന്തുടർച്ചയാണെന്നും ആണ് ക്രിസ്തുവും അപ്പോസ്തലന്മാരും പുതിയനിയമവും സാക്ഷിക്കുന്നത്. ക്രിസ്തു ശമര്യരോടു പറയുന്നത് ശ്രദ്ധിക്കുക: നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു . ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. രക്ഷ യഹൂദന്മാരിൽ നിന്നാണ് (യോഹ 4:12). ഇവിടെ യഹൂദരെ ദൈവജനം ആയിട്ട് ക്രിസ്തു അവതരിപ്പിക്കുന്നു . മാത്രമല്ല താൻ യഹൂദനാണ് എന്നു പറഞ്ഞ് ക്രിസ്തു തന്റെ വംശസ്വത്വം പ്രഖ്യാപിക്കുക കൂടി ചെയ്യുകയാണ്. ഈ വിഷയം തന്നെ പൗലോസ് അപ്പോസ്തോലൻ റോമാ ലേഖനത്തിലും വിശദീകരിക്കുന്നുണ്ട്. പുതിയനിയമസഭ എന്നത് പഴയനിയമസമൂഹത്തോട് ക്രിസ്തുവിനാൽ ചേർക്കപ്പെട്ട സമൂഹമായിട്ടാണ് പൗലോസ് ചിന്തിക്കുന്നത്. യഥാർത്ഥ ഒലിവായ ഇസ്രായേലിനോട് ഒട്ടിച്ചു ചേർക്കപ്പെട്ട കാട്ടൊലിവിൻ ശാഖയാണത്രേ പുതിയനിയമസഭ (റോമ. 11:17). അതുകൊണ്ട് പുതിയനിയമസഭ പഴയതിനോട് അഹങ്കരിക്കരുതെന്നുള്ള പൗലോസിന്റെ അന്ത്യശാസനം കൂടി ചേരുമ്പോൾ യഥാർത്ഥ ദൈവജനം യഹൂദരാണ് എന്നു വരുന്നു. അതായത് യഹൂദസമൂഹം ദൈവജനമായും പുതിയനിയമസഭ പഴയതിന്റെ പിന്തുടർച്ച എന്ന നിലയിലുമാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഒലിവുമരമായ ഇസ്രായേലിന്റെ സമ്പന്നതയിൽ പങ്കുചേരുവാനുള്ള കൃപയാണ് സഭയ്ക്ക് ലഭിച്ചിരിക്കുന്നത് എന്ന് സഭയെ പൗലോസ് ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയെ വഹിച്ചിരിക്കുന്ന ഇസ്രായേലിനോട് വമ്പു പറയരുത് (റോമ. 11:18). ആത്യന്തികമായി ഇസ്രായേൽ മുഴുവനായും രക്ഷയിൽ എത്തുമെന്നും പൗലോസ് ചിന്തിക്കുന്നു (റോമ. 11: 25-32). പഴയനിയമത്തെയാണ് പുതിയനിയമ എഴുത്തുകാർ തിരുവെഴുത്തുകളായി പരിഗണിച്ചത്. പഴയനിയമത്തെ തിരുവചന ലിഖിതമായി അംഗീകരിക്കുന്ന പ്രവണതയാണ് പുതിയനിയമത്തിൽ ഉടനീളം കാണുന്നത്. പൗലോസ് തീമോഥിയോസിനോട് പറയുന്നത് ശ്രദ്ധിക്കുക: വിശുദ്ധ ലിഖിതങ്ങൾ ബാല്യം മുതലേ നിനക്ക് പരിചയമുണ്ടല്ലോ. തിരുവചനങ്ങൾ എല്ലാം ദൈവനിവേശിതമാണ്. പഠിപ്പിക്കുവാനും ശാസിക്കുവാനും തെറ്റു തിരുത്തുവാനും നീതിയിലുള്ള പരിശീലനത്തിനും അവ ഉപയോഗപ്പെടുന്നു (2 തീമോ. 3:16). പഴയനിയമത്തെ പറ്റിയുള്ള പൗലോസിന്റെ സാക്ഷ്യമാണിത് . അവ ആധികാരികം ആകുന്നത് പരിശുദ്ധാത്മ നിവേശിതമായി എഴുതപ്പെട്ടതുകൊണ്ടാണ് എന്ന് പത്രോസ് വ്യക്തമാക്കുന്നു (2 പത്രോ. 1:21). ക്രിസ്തു മരിച്ചതും ഉയിർത്തതും തിരുവെഴുത്തിൻ പ്രകാരം എന്ന് പറയുമ്പോൾ (1 കൊരി. 15: 3-4)അത് യഹൂദന്മാർക്ക് കിട്ടിയതും അവർ വഴി പൗലോസിന് കിട്ടിയതുമായ പഴയനിയമത്തെ പറ്റിയാണ് . പൗലോസ് കൊരിന്ത്യ ലേഖനം എഴുതുമ്പോൾ പുതിയനിയമ രചനകൾ ഒന്നുംതന്നെ എഴുതപ്പെട്ടിരുന്നില്ല. പഴയനിയമം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ക്രിസ്തുവിന്റെ വ്യക്തിത്വവും ശുശ്രൂഷയും ആധികാരികമായി തീരുന്നത് എന്നാണ് ക്രിസ്തുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും തന്നെ നിലപാട്. ക്രിസ്തുസംഭവം പഴയനിയമ പ്രവചന നിവൃത്തിയെങ്കിൽ പഴയനിയമത്തിന്റെ ആധികാരികത നിഷേധിച്ച് ക്രിസ്തുവിലൂടെയുള്ള വെളിപാടിന് അംഗീകാരം നൽകാൻ ആവില്ല എന്നത് നാം തിരിച്ചറിയേണ്ട കാര്യമാണ് .

ക്രിസ്തുവിന്റെ ബേത് ലഹേമിലെ ജനനം, തുടർന്നുണ്ടായ ശിശുവധം, തിരുകുടുംബത്തിന്റെ മിസ്രയീമിലെ പ്രവാസം, നസ്രേത്തിലെ താമസം തുടങ്ങി ക്രൂശാരോഹണം, ഉയിർപ്പ് വരെയുള്ള സകല കാര്യങ്ങളും പഴയനിയമ തിരുവെഴുത്തുകളുടെ നിവൃത്തിയായിട്ടാണ് സുവിശേഷകർ അവതരിപ്പിക്കുന്നത്. തിരുവെഴുത്തിൻപ്രകാരം കഷ്ടത അനുഭവിച്ചു എന്ന് പഴയനിയമത്തെ അംഗീകരിച്ചാണ് വിശ്വാസപ്രമാണവും സാക്ഷിക്കുന്നത്. അതായത് ക്രിസ്തുവിന്റെ പ്രവൃത്തിക്കും ജീവിതത്തിനും ആധികാരികത നൽകുന്നത് പഴയനിയമവും പഴയനിയമ വെളിപാടും എങ്കിൽ അതിനെയും അതിൽ വെളിപ്പെടുന്ന ദൈവത്തിന്റെയും ആധികാരികത നിഷേധിച്ച് പുതിയനിയമത്തിലും ക്രിസ്തുവിലും എങ്ങനെ വിശ്വസിക്കാനാവും എന്ന ചോദ്യത്തിന് മറുപടി നല്കേണ്ടി വരും .

അതുകൊണ്ട് പുതിയനിയമം നൽകുന്ന സാക്ഷ്യം പഴയനിയമലിഖിതങ്ങൾ തിരുവെഴുത്താണ് എന്നതാണ്. പഴയനിയമത്തിൽ വെളിപ്പെടുന്ന ദൈവം ക്രിസ്തുവിന്റെ പിതാവാണ്. ന്യായപ്രമാണം ദൈവശാസന എന്ന നിലയിൽ ആധികാരികമാണ്. അതിന്റെ പിന്തുടർച്ചയാണ് ക്രിസ്തുവിന്റെ പ്രമാണം അഥവാ സുവിശേഷം. ഇസ്രായേൽ ജനം ദൈവജനമാണ്. അതിനോട് കൂട്ടിച്ചേർക്കപ്പെട്ടാണ് പുതിയനിയമസഭയുടെ രൂപം പ്രാപിക്കൽ നടന്നത്. മേൽ ചർച്ചകളിലൂടെ ഇവയെല്ലാം സ്ഥാപിക്കപ്പെടുകയായിരുന്നു. അതായത് പഴയനിയമ വെളിപാടിന്റെ നിഷേധത്തിന് പുതിയ നിയമത്തിന്റെയും ക്രിസ്തുവിന്റെയും അംഗീകാരമില്ല എന്നു മാത്രമല്ല അവരുടെ സാധുതയ്ക്ക് ക്രിസ്തുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും പൂർണ്ണ അംഗീകാരം ഉണ്ട് എന്നുമാണ് നാം മനസ്സിലാക്കിയത്. അതുകൊണ്ട് വേദപുസ്തകാടിസ്ഥാനത്തിലുള്ള ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണ്. എന്നാൽ ഈ വിഷയവുമായി ചേർന്ന് ചിന്തിക്കേണ്ട ചില അനുബന്ധ വിഷയങ്ങൾ കൂടിയുണ്ട്. അവ കൂടി പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയാൽ ശേഷിക്കുന്ന സംശയങ്ങൾ പരിഹരിക്കാനാവും എന്ന് പ്രതീക്ഷിക്കാം.

(തുടരും)


മലങ്കരസഭയുടെ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പുതിയ സെക്രട്ടറി ആയി സഭാ മുൻ മാനേജിംഗ് കമ്മിറ്റി അംഗവും, സൺഡേസ്കൂൾ കോട്ടയം ഭദ്രാസന മുൻ ഡയറക്ടറും ആയ ജോസഫ് അലക്സാണ്ടറിനെ പരിശുദ്ധ കാതോലിക്ക ബാവാ നിയമിച്ചു.
കോട്ടയം പാച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.





കോട്ടൂളി ഗവ. എൽ.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്ക്കൂൾ ബാഗും പഠനോപകരണങ്ങളും ഹെഡ്മാസ്റ്റർ പി. രാജീവൻ ZMART ഫൗണ്ടേഷൻ ട്രസ്റ്റി ഡോ. ബീനാ ഉമ്മനിൽ നിന്നും ഏറ്റുവാങ്ങി.

ലേഖനം



ചില ആദ്ധ്യാത്മിക രേഖകളും എഴുത്തുകാരും

പടികളുടെ പുസ്തകം (Book of Steps), സിറില്ലോണാ മാർ ബാലായി, ഏകാന്തവാസിയായ മാർ യൂഹാനോൻ മാർ ശെമവൂൻ കൂക്കോയോയും ബേത്തർശാമിലെ മാർ ശെമവൂനും

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

1. പടികളുടെ പുസ്തകം (Book of Steps)

ഏ. ഡി. നാലാം നൂറ്റാണ്ടിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതും മുപ്പതു അദ്ധ്യായങ്ങളിലായി ക്രൈസ്തവസഭയുടെ ആത്മീയ ചിന്തകൾ വിവരിക്കുന്നതുമായ ഒരു പ്രധാന രേഖയാണ് Liber Gradum എന്ന പേരിൽ അറിയപ്പെടുന്ന പടികളുടെ പുസ്തകം. ഇതിന്റെ ലേഖകൻ ആരാണെന്നതു വ്യക്തമല്ലെങ്കിലും പേർഷ്യാ സാമ്രാജ്യത്തിൽ ജീവിച്ചിരുന്ന ഒരു സുറിയാനി സഭാപണ്ഡിതൻ ആയിരിക്കാം അദ്ദേഹം എന്ന് ഉള്ളടക്കത്തിലെ വിശദീകരണങ്ങളിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

Liber Gradum എന്നതു ലത്തീൻ നാമമാണ്. സുറിയാനി കൈയെഴുത്തു പ്രതിയിൽ നിന്നുള്ള ലത്തീൻ വിവർത്തനം ആദ്യമായി നടത്തിയതു M. Kmosko ആണ്. Ktobo-d-massqata എന്ന പേരിലായിരുന്ന കൈയെഴുത്തു പ്രതി ലത്തീനിലാക്കി Patrologia Syriaca - യിൽ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹമാണിതിന് Liber Gradum എന്ന പേരു നൽകിയത്. ക്രൈസ്തവ ജീവിതത്തിലെ വിവിധ പടികൾ വിശദീകരിക്കുന്ന രേഖ ആയതിനാലാണ് ഈ പേരിൽ ഇത് അറിയപ്പെടുന്നത്. ഡയോക്ലിഷൻ രാജാവിന്റെ കാലത്ത് ക്രൈസ്തവർക്ക് നേരെ നടന്ന പീഡയെക്കുറിച്ച് പരാമർശം ഉള്ളതിനാൽ ഏ. ഡി. 320 -നു ശേഷമായിരിക്കാം ഈ രേഖ എഴുതപ്പെട്ടത് എന്നാണ് Kmosko അഭിപ്രായപ്പെടുന്നത്. ഈ അഭിപ്രായത്തോടു മറ്റ് സുറിയാനി പണ്ഡിതന്മാരും യോജിക്കുന്നുണ്ട്.

പടികളുടെ പുസ്തകത്തിലെ പ്രധാന ആശയം ജീവിത വിശുദ്ധിയാണ്. സഭ വിശുദ്ധമാണ്. വിശുദ്ധമായ സഭയുടെ ദൃശ്യഘടകം ഭൗമിക മനുഷ്യരാണ്. ഭൗമിക മനുഷ്യരെയും അദൃശ്യ സമൂഹത്തെയും തമ്മിൽ വേർതിരിക്കുവാൻ സാധിക്കുകയില്ല. ദൃശ്യഘടകത്തിൽ പൂർണ്ണരായവരും പൂർണ്ണതയിലേക്ക് വളരുന്നവരുമുണ്ട്. പൂർണ്ണരായവർ ദൈവിക നിയമങ്ങൾ യഥാവിധി പാലിച്ചുകൊണ്ട് തങ്ങൾക്കുള്ള സർവ്വവും ത്യജിച്ചു പരിത്യാഗികളായി യേശുക്രിസ്തുവിനെ പിൻതുടരണം. പൂർണ്ണതയിലേക്ക് വളരുന്നവർ ദൈവകൽപനകൾ പാലിച്ചുകൊണ്ട് സ്നേഹത്തിലും ദാനധർമ്മത്തിലും മുന്നോട്ടു പോകണം. ഇത് സ്വയ പരിത്യാഗ ജീവിതത്തിലേക്കുള്ള പടിയായിരിക്കണം.

വിശ്വാസത്തിൽ ബലഹീനരായവരെ ചേർത്തുകൊള്ളുവാൻ 'പടികളുടെ പുസ്തകം' സഭയുടെ ദൃശ്യസംഘത്തോടു ആവശ്യപ്പെടുന്നുണ്ട്. എല്ലാവരും യേശുക്രിസ്തുവിൽ ശിശുക്കളാണ് എന്ന ചിന്തയിൽ മറ്റുള്ളവരോട് ദയവു കാട്ടുകയും അവരുടെ ആവശ്യവും കഴിവും മനസ്സിലാക്കി അവരോടു പ്രവർത്തിക്കുകയും ചെയ്യണം. ദരിദ്രരായവർക്ക് ഭക്ഷിപ്പാൻ നൽകേണ്ടതു ദൃശ്യസംഘത്തിന്റെ ചുമതലയാണെന്ന കാര്യം ഇവിടെ ഊന്നിപ്പറയുന്നു.

'പടികളുടെ പുസ്തകം' പറയുന്ന സഭ ഭൗമികവും സ്വർഗ്ഗീയവുമാണ്. ഭൗമീക ഘടകത്തിൽ ദൃശ്യമായ ആരാധനയുടെ ആവശ്യകതയുണ്ട്. അവിടെ സ്ഥലകാലങ്ങൾക്കതീതമായ അദൃശ്യസംഘവും സമ്മേളിക്കുന്നു. മനുഷ്യശരീരം ദൈവത്തിന്റെ ആലയവും മനുഷ്യഹൃദയം ദൈവത്തിന്റെ ബലിപീഠവുമാണ്. ഇവിടെ ദൈവാത്മാവ് ശുശ്രൂഷ ചെയ്യുന്നു. കർത്താവായ യേശുക്രിസ്തുവും അപ്പോസ്തോലന്മാരും പ്രവാചകന്മാരും ശരീരവും മനസ്സുംകൊണ്ട് പ്രാർത്ഥിച്ചതുപോലെ സഭയിലെ അംഗങ്ങളും ശരീരാത്മ ദേഹികൾ ദൈവത്തിങ്കലേക്കുയർത്തി പ്രാർത്ഥിക്കണം.

ദേവാലയം, ബലിപീഠം, പുരോഹിതൻ, തിരുശരീരരക്തങ്ങളുടെ അർപ്പണം (വി. കുർബ്ബാന), കൂദാശകൾ, ശുശ്രൂഷകർ, മാമോദീസാ, പാപമോചനം തുടങ്ങി പലതിനെക്കുറിച്ചുമുള്ള ലഘുവായ പരാമർശങ്ങൾ 'പടികളുടെ പുസ്തകത്തിൽ' ഉണ്ട്. ദേവാലയത്തിലേക്ക് ഭക്തിയോടും വിനയത്തോടും വരണമെന്നും അത് സ്വർഗ്ഗീയ ബലിപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് സ്വർഗീയ ആരാധന അർപ്പിക്കുന്നതിനുള്ള മാർഗ്ഗമാണെന്നും ഭൂമിയിലെ ദൈവാരാധന സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥയാത്രാ ഭക്ഷണമാണെന്നും ലേഖകൻ സാക്ഷിക്കുന്നു.

യേശുക്രിസ്തു സഭയും ക്രൈസ്തവ ആരാധനയും സ്ഥാപിച്ചു. പരിശുദ്ധ റൂഹാ നമ്മെ സത്യാരാധനയിലേക്ക് നയിച്ചുകൊണ്ട് യഥാർത്ഥ ആലയങ്ങളും യഥാർത്ഥ ബലിപീഠങ്ങളും ആക്കുന്നു. ദൈവത്തിന്റെ ആത്മാവ് സഭയിൽ നിരന്തരമായി വസിച്ചുകൊണ്ട് ഈ പ്രക്രിയ തുടരുന്നു. പരിശുദ്ധിയുടെ ഏക മാതൃകയായ യേശുക്രിസ്തുവിൽ നിന്നു പരിശുദ്ധി സമ്പാദിച്ചുകൊണ്ട് ജീവിക്കുവാൻ ദൈവാത്മാവിന്റെ പ്രവർത്തനം നമ്മെ സഹായിക്കുന്നു.

2. സിറില്ലോണാ

സിറില്ലോണാ ആരാണെന്നതിനെക്കുറിച്ച് വ്യക്തമായ അറിവൊന്നുമില്ല. നാലാം നൂറ്റാണ്ടിൽ പദ്യരൂപത്തിൽ എഴുതപ്പെട്ട ചില കൈയെഴുത്തുപ്രതികൾ ഒരുമിച്ചുചേർത്ത് രണ്ട് കൃതികളാക്കുകയും അവയുടെ കർത്താവായി സിറില്ലോണായെ അവരോധിക്കുകയും ചെയ്തിരിക്കുന്നു. സിറിയായിലേക്കുള്ള ഹൂണന്മാരുടെ കടന്നുകയറ്റത്തെക്കുറിച്ച് പ്രതിപാദിക്കുന്നതുകൊണ്ട് ഇത് ഏ. ഡി. 396 -നു മുമ്പ് എഴുതപ്പെട്ടതാകാനാണ് സാദ്ധ്യത. ചില ആധുനിക സുറിയാനി പണ്ഡിതന്മാർ സിറില്ലോണാ മാർ അപ്രേമിന്റെ സഹോദരിപുത്രനായ 'അബ്സാമിയാ' യുടെ മറ്റൊരു പേര് ആണെന്നു പറയുന്നുണ്ട്. മാർ അപ്രേമിനുശേഷം ഉറഹായിലെ വേദശാസ്ത്ര വിദ്യാലയത്തിന്റെ തലവനായിരുന്ന കോരേശു (Cyrus) ആണ് സിറില്ലോണാ എന്നു പറയുന്നവരുമുണ്ട്. പല ഈണങ്ങളിൽ എഴുതിയിരിക്കുന്ന ആറ് പദ്യങ്ങളിലായി ഹൂൺസിന്റെ സുറിയായിലേക്കുള്ള കടന്നുകയറ്റം, കാൽകഴുകൽ ശുശ്രൂഷ, പെസഹാ ആചരണം, കർത്താവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും, ഗോതമ്പ് ഉപയോഗിക്കുന്നതിന്റെ അർത്ഥം തുടങ്ങി പല കാര്യങ്ങളും വിവരിക്കുന്നുണ്ട്.

3. മാർ ബാലായി

അഞ്ചാം നൂറ്റാണ്ടിൽ അലപ്പോയിലെ ആക്കോക്കു മെത്രാപ്പോലീത്തായുടെ സമകാലീനനായി സുറിയാനി സഭയിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ കവിയും എഴുത്തുകാരനും ആയിരുന്നു മാർ ബാലായി. ഇദ്ദേഹം ആലപ്പോയുടെ തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ബാലിസിലെ കോർ എപ്പിസ്കോപ്പായും പിന്നീട് മെത്രാപ്പോലീത്തായും ആയിരുന്നു. ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ച് അധികമായ അറിവു നമുക്ക് ലഭിച്ചിട്ടില്ല. സഭയുടെ ആരാധനാക്രമങ്ങൾ ഇദ്ദേഹം രചിച്ച അനേകം മെമ്രാകൾ (പാട്ടുകൾ) കൊണ്ടു അലങ്കരിക്കപ്പെട്ടിരിക്കുന്നു.

മാർ ബാലായിയുടെ ബോവൂസോകൾ നമ്മുടെ പ്രാർത്ഥനാക്രമങ്ങളിൽ ഉണ്ട്. "കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ.....' എന്ന ഗീതവും സൂത്താറാ പ്രാർത്ഥനയിലെ 'ദുഷ്ടന്മാരിൽ കാരുണ്യം..." എന്ന കീർത്തനവുമൊക്കെ മാർ ബാലായിയുടേതാണ്.

ആക്കോക്കു മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ഗുണങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അഞ്ച് മദ്രോശോകൾ (കവിതകൾ) മാർ ബാലായി എഴുതുകയുണ്ടായി. ദീർഘങ്ങളായിട്ടുള്ള മറ്റനേക മെമ്രാകളും മാർ ബാലായിയുടെ പേരിൽ ഉണ്ട്. നീതിമാനായ യൗസേഫിനെക്കുറിച്ചും അഹറോന്റെ മരണത്തെക്കുറിച്ചും ഊരിയാവിനെക്കുറിച്ചും മാർ ഗീവർഗ്ഗീസ് സഹദായെക്കുറിച്ചും ഉള്ള മെമ്രാകൾ ഇവയിൽ പെടുന്നു. വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ഇദ്ദേഹത്തെ നാം ഓർക്കുന്നു.

4. ഏകാന്തവാസിയായ മാർ യൂഹാനോൻ

സുറിയാനി ക്രൈസ്തവ ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ള മാർ യൂഹാനോന്റെ ജീവചരിത്രം നമുക്ക് ലഭിച്ചിട്ടില്ല. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സുറിയാനിക്കാരനായ ഒരു ഏകാന്തസന്യാസി ആയിരുന്നു എന്നു മാത്രമേ അദ്ദേഹത്തെക്കുറിച്ച് നമുക്ക് അറിയുവാൻ കഴിയുന്നുള്ളു. അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും സംസ്കാര സമ്പന്നനുമായ സന്യാസി ആയിരുന്നു എന്നാണ്.

അദ്ദേഹത്തിന്റെ കൃതികളായി നമുക്ക് ലഭ്യമായിട്ടുള്ളത് ഇവയാണ്: i) ആത്മാവിനെ (Soul) ക്കുറിച്ചുള്ള മൂന്ന് സംഭാഷണങ്ങൾ ii) തൗമാസിയൂസ് എന്ന ആളുമായി നടത്തിയ സംവാദങ്ങൾ iii) മാമോദീസാ, പുതിയ ലോകത്തെ ജീവൻ എന്നിവ സംബന്ധിച്ച മൂന്ന് പ്രബന്ധങ്ങൾ iv) ഹെസക്കീയൂസ് തുടങ്ങി മൂന്ന് പേർക്കുള്ള നീണ്ട മൂന്നു ലേഖനങ്ങൾ v) പ്രാർത്ഥന, നിശബ്ദത എന്നിവ സംബന്ധിച്ച ലഘു വിവരണങ്ങൾ.

മാർ യൂഹാനോന്റെ കൃതികളെല്ലാം തന്നെ സുറിയാനി ക്രൈസ്തവ സന്യാസപ്രസ്ഥാനത്തെയും സന്യാസ സാഹിത്യത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. "ദേഹം, ദേഹി, ആത്മാവ്" (Body, Soul and Spirit) എന്നീ തലങ്ങളിലുള്ള മനുഷ്യന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം വിശദീകരിച്ചിരിക്കുന്ന ആദ്ധ്യാത്മിക സന്ദേശങ്ങൾ തന്റെ പിന്നാലെ വന്നിട്ടുള്ള പല സുറിയാനി പിതാക്കന്മാരും അനുകരിച്ചിട്ടുണ്ട്. നിനുവയിലെ മാർ ഇസഹാക്കും ദർശകനായ മാർ യൗസേപ്പുമൊക്കെ ഇതിനുദാഹരണങ്ങളാണ്.

മാർ യൂഹാനോന്റെ ഭാഷ്യം അനുസരിച്ചു ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം പ. മാമോദീസായിലൂടെ ഓരോ വിശ്വാസിയും സ്വീകരിച്ചിരിക്കുന്ന പ്രത്യാശയും പ്രതിജ്ഞയും അനുസരിച്ച് ഈ ഭൂമിയിലെ ജീവിതത്തിൽ തന്നെ യേശുക്രിസ്തുവിന്റെ ഉയിർപ്പിൽ സജീവമായി പങ്കുകാരാകുക എന്നതാണ്. ക്രൈസ്തവ ജീവിതം തിന്മകളിൽ നിന്ന് ക്രമാനുഗതമായി വിടുതൽ പ്രാപിച്ചുകൊണ്ടുള്ള വളർച്ചയാണ്. ഇതിന്റെ പൂർണ്ണിമ ആത്മാവിന്റെ (soul) വിശുദ്ധിയും അതുമൂലം ലഭിക്കുന്ന ദൈവിക പ്രകാശവുമാണ്. ഇവ യഥാർത്ഥ സ്നേഹം വെളിപ്പെടുത്തുവാൻ സാദ്ധ്യമാക്കുന്നു.

ദ്രവ്യാഗ്രഹവും ആത്മപ്രശംസയും ത്യജിച്ചുകൊണ്ടു ജീവിക്കുന്ന മനുഷ്യന് സംയമനം, സഹനശക്തി, താഴ്മ, മനഃശാന്തി, ആത്മീയ സന്തോഷം എന്നിവയുണ്ടായി ദൈവത്തെയും സഹജീവിയെയും യഥാർത്ഥമായി സ്നേഹിക്കുവാൻ കഴിയും. അങ്ങനെയുള്ള ആളിന് ഈ ലോകത്തിന്റേതായ എല്ലാ കാര്യങ്ങളിൽ നിന്നു മുക്തി പ്രാപിക്കുവാനും ദൈവിക രഹസ്യങ്ങളിൽ പങ്കുകാരാകുവാനും കഴിയും.

5. മാർ ശെമവൂൻ കൂക്കോയോയും ബേത്തർശാമിലെ മാർ ശെമവൂനും

മാർ ശെമവൂൻ കൂക്കോയോ ആറാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സുറിയായുടെ വടക്കുള്ള ഗാഷീർ എന്ന ഗ്രാമത്തിൽ ജീവിച്ച ഒരു ശെമ്മാശ്ശനായിരുന്നു. കൂക്കോയോ എന്ന വാക്കിന്റെ അർത്ഥം "കുശവൻ" എന്നാകയാൽ അദ്ദേഹം തന്റെ തൊഴിൽകൊണ്ട് ഒരു കുശവനായിരിക്കാനാണ് സാദ്ധ്യത. കുശവകർമ്മം ചെയ്യുന്ന സമയത്തു മനോഹരമായ ഗാനങ്ങൾ മനസ്സിൽ രൂപപ്പെടുത്തുകയും സമയം ലഭിക്കുന്നതനുസരിച്ച് അവയെ ചുരുളുകളിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു.

സറൂഗിലെ മാർ യാക്കോബ് ശെമവൂനെക്കുറിച്ച് കേട്ടറിഞ്ഞ്, അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ആകൃഷ്ടനായി വീണ്ടും ധാരാളം ഗാനങ്ങൾ രചിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കർത്താവിന്റെ ജനനത്തെക്കുറിച്ച് കൂക്കോയോ രചിച്ച ഏഴു ഗാനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സഭയുടെ ആരാധനാക്രമത്തിൽ 'കൂക്കോയോ' എന്ന പേരിൽ അറിയപ്പെടുന്ന പാട്ടുകൾ ഈ പിതാവിനോടുള്ള ബന്ധത്തിൽ രൂപം കൊണ്ട് വികസിച്ചവയാണ്.

ബെത്തർശാമിലെ എപ്പിസ്കോപ്പാ ആയിരുന്ന മാർ ശെമവൂനും ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു പിതാവാണ്. 'പേർഷ്യൻ താർക്കികൻ' (Persian disputant) എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാവൽഭടനായി ബാബിലോണിയൻ - പേർഷ്യൻ പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ട് ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു. മാണിക്കയന്മാരോടും നെസ്തോറിയാ വിശ്വാസികളോടും എവുത്തിക്കോസ് വിശ്വാസികളോടും സംവാദങ്ങളിൽ ഏർ പ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം പ്രചരിപ്പിക്കുവാൻ കഠിനമായി യത്നിച്ചു.

മാർ ശെമവൂന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് വി. കുർബ്ബാനയുടെ ഒരു അനാഫോറയും രണ്ടു ലേഖനങ്ങളുമാണ്. ലേഖനങ്ങളിലെ പ്രധാനവിഷയം നെസ്തോറിയാ ഉപദേശവും നെസ്തോറിയാ സഭയുടെ ഉത്ഭവവും വളർച്ചയും ആണ്. എ. ഡി. 532 -ൽ പേർഷ്യാ രാജാക്കന്മാർ ക്രൈസ്തവർക്കു നേരെ നടത്തിയ പീഡനത്തെക്കുറിച്ചുള്ള വിവരണവും മാർ ശെമവൂൻ നൽകുന്നുണ്ട്. ❑



ക്രിസ്ത്യൻ പ്രസ്സ് അസ്സോസിയേഷന്റെയും വേൾഡ് ലിറ്ററേച്ചർ ഫോറത്തിന്റെയും നേതൃത്വത്തിൽ നടന്ന 25-ാമത് വാർഷിക സമ്മേളനത്തിൽ കേരളാ സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവൻ, എം.ജി.എം ഗ്രൂപ്പ് ചെയർമാനും മലങ്കര ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മറ്റി അംഗവുമായ ഡോ. ഗീവർഗ്ഗീസ് യോഹന്നാന് വിദ്യാരത്ന അവാർഡ് നൽകി ആദരിച്ചു.



പ്രശസ്ത അദ്ധ്യാപകനും, സാഹിത്യകാരനും നടനും, പത്രപ്രവർത്തകനുമായിരുന്ന പ്രൊഫ. കെ. വി. തമ്പിയുടെ പത്താമത് അനുസ്മരണം പ്രൊഫ. കെ.വി തമ്പി സൗഹൃദ വേദിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട പ്രസ് ക്ലബ് ഹാളിൽ നടന്നു. സമ്മേളനത്തിൽ മികച്ച മാധ്യമ പ്രവർത്തകനുള്ള അവാർഡ് ബിജു കുര്യന് നൽകി.

പുസ്തകം

വിശുദ്ധ രഹസ്യങ്ങൾ



മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം നാല്

വീണ്ടും, പ്രാർത്ഥനകൾ, സ്ലീബാ, അവരുടെ ക്രമപ്രകാരം പട്ടക്കാരൻ ശെമ്മാശ്ശൻ എന്നിവരെ സൂചിപ്പിക്കുന്നതിനേക്കുറിച്ച്, പുരോഹിതൻ നടത്തുന്ന ഉച്ചത്തിലുള്ള പ്രാർത്ഥനകൾ (കാനോനാ) രഹസ്യമായ പ്രാർത്ഥനകൾ (ഗഹന്തോ) അതുപോലെ ശെമ്മാശ്ശനും പ്രഖ്യാപനവും എന്നിവയേക്കുറിച്ച്. സമാധാനത്തിന്റേയും ശാന്തിയുടേയും മാലാഖയേക്കുറിച്ചും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയേക്കുറിച്ചും.

ഒന്നാമത്തേ പ്രാർത്ഥന താഴെയുള്ള സഭയെ സൂചിപ്പിക്കുന്നു. അത് വിശുദ്ധ മാലാഖമാരുടേതാകുന്നു. അവരേക്കാൾ ഉന്നതരായവരോടൊപ്പം മനുഷ്യർക്കു വേണ്ടി അപേക്ഷിക്കുന്നു. മോറവോസേന്മാരുടെ ആ സഭ മാലാഖമാരുടേതിനേക്കാൾ ഉന്നതമാകുന്നു.

രണ്ടാമത്തെ പ്രാർത്ഥന രണ്ടാമത്തെ സഭയ്ക്കുവേണ്ടിയുള്ള മധ്യസ്ഥത ആകുന്നു. സ്രോപ്പേന്മാരുടേയും ക്രോബേന്മാരുടേയും മൗത്ബേന്മാരുടേയും മേലുള്ള സഭയ്ക്കുവേണ്ടി മധ്യസ്ഥത അണയ്ക്കുന്നു. പട്ടക്കാരന് പിന്നിലായി ശെമ്മാശ്ശൻ നിൽക്കുന്നത് മറ്റു മാലാഖമാരേക്കാൾ മനുഷ്യരോട് ചേർന്ന് നിൽക്കുന്ന ഗബ്രിയേൽ മാലാഖയെ സൂചിപ്പിക്കുന്നു. അവൻ തന്നേക്കാൾ ശ്രേഷ്ഠരായവരോടൊപ്പം മനുഷ്യരുടെ പരിശുദ്ധ സഭയ്ക്കുവേണ്ടി അപേക്ഷിക്കുന്നു.

മൂന്നാമത്തെ പ്രാർത്ഥന സഭ എങ്ങനെ മൂന്ന് പ്രാവശ്യം ദൈവത്തോട് യാചിക്കുന്നു എന്നതിനെ സൂചിപ്പിക്കുവാനാണ്. കാരണം പട്ടക്കാരൻ സംസാരിക്കുമ്പോൾ അത് ദൈവത്തോട് സംസാരിക്കുന്നതുപോലെയാണ്. കാരണം, സകല സ്വർഗ്ഗീയ സേനകളേക്കാൾ ദൈവത്തോട് അടുത്തുനിൽക്കുന്ന സ്രോപ്പേന്മാരുടെ ഗണത്തോടാണ് പട്ടക്കാരനെ സൂചിപ്പിക്കുന്നത്.

ഒന്നാമത്തെ പ്രാർത്ഥന തീരുമ്പോൾ സൂചിപ്പിക്കുന്നത് മാലാഖമാരും മനുഷ്യരും തമ്മിൽ ആദിയിൽ ഉണ്ടായിരുന്ന സമാധാനത്തേയാണ്. പിന്നീട് മാലാഖമാരുടെ മധ്യസ്ഥത മുഖേന അത് മറ്റെല്ലാ സ്വർഗ്ഗീയ സൈന്യങ്ങളിലേക്കും വ്യാപിച്ചു.

[3] മൂന്നാമത്തെ പ്രാർത്ഥനയിൽ അന്നാഫോറാ (ശോശപ്പാ) ഉയർത്തുന്നത് സൂചിപ്പിക്കുന്നത് സ്രോപ്പേന്മാരായ മൂന്നാമത്തെ സൈന്യം ദൈവത്തോട് യാചിക്കുമ്പോൾ രഹസ്യമായും മറഞ്ഞുമിരിക്കുന്ന സകലവും പെട്ടെന്ന് ഉയർത്തപ്പെടും. അപ്പോൾ പ്രകാശം സകല സൈന്യങ്ങൾക്കും അവരവരുടെ നിലയ്ക്കനുസരിച്ച് വെളിച്ചം പരസ്യമായി വ്യാപരിക്കും.

[4] അപ്പോൾ പിതാവാം ദൈവത്തിന്റെ സ്നേഹം എന്ന് പട്ടക്കാരൻ പറഞ്ഞുകൊണ്ട് അവന്റെമേൽ വരയ്ക്കുകയും പിന്നീട് ഏകജാതനായ പുത്രന്റെ കൃപയും എന്ന് പറഞ്ഞ് തന്റെ ഇടത്തുഭാഗത്ത് സ്ലീബാ വരയ്ക്കുകയും പിന്നീട് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹാ (എന്ന് പറഞ്ഞ്) മറ്റൊരു സ്ലീബാ ജനത്തിന്മേലും വരയ്ക്കുന്നു.



പിന്നീട് പട്ടക്കാരൻ പറയും. പിതാവാം ദൈവത്തിന്റെ സ്നേഹവും (എന്ന് പറഞ്ഞ്) തന്റെ മേൽ സ്ലീബാ വരയ്ക്കുന്നു. പിതാവാം ദൈവത്തിന്റെ സ്നേഹം എന്ന് പട്ടക്കാരൻ പറയുമ്പോൾ അത് പിതാവിന്റെ വലിയതും അവാച്യവുമായ സ്നേഹത്തെയാണ് കാണിക്കുന്നത്. അവൻ തന്റെ പുത്രനെ മനുഷ്യകുലത്തേ രക്ഷിക്കുവാൻ വേണ്ടി മരണത്തിനു നൽകി. പട്ടക്കാരൻ തന്റെമേൽ സ്ലീബാ വരയ്ക്കുന്നത് അവൻ നഗരം വിടുന്നതുവരെ ദൈവം കുരിശു വഹിച്ചു (എബ്രാ 13:13) എന്നതിനെ സൂചിപ്പിക്കുവാനാണ്.

ഏകജാതനായ പുത്രന്റെ കൃപയും എന്ന് പറഞ്ഞ് അവന്റെ ഇടതുവശത്ത്, അതായത് വടക്ക് വശത്ത്, ഒരു കുരിശ് വരയ്ക്കുന്നു. പിതാവിന്റേതിന് സമനായ പുത്രന്റെ കൃപയേ ഇത് സൂചിപ്പിക്കുന്നു. പ്രകാശത്തിൽ നിന്ന് മാറ്റപ്പെട്ടവരും അഗാതമായ അന്ധകാരത്തിൽ ആക്കപ്പെട്ടവരുമായ വടക്കുഭാഗത്തുള്ളവരുടെ യോഗ്യതയെ പ്രതിയല്ല എന്നാലോ അവന്റെ രക്ഷാകരമായ സ്ലീബായാൽ ദൈവമായ കർത്താവ് അവരെ പ്രകാശിപ്പിക്കുകയാണ് ചെയ്തത്.

വലത്തുവശത്ത് വരയ്ക്കുന്ന സ്ലീബാ സൂചിപ്പിക്കുന്നത് വചനമായ ദൈവം തന്റെ സ്ലീബായാൽ ഇടത്തുഭാഗത്തുണ്ടായിരുന്ന സകലരേയും വലത്തുഭാഗത്തേയ്ക്ക് കടത്തി എന്നതിനേയാണ്.

പടിഞ്ഞാറു വശത്ത് വരയ്ക്കുന്ന സ്ലീബാ ഈ ലോകത്തിൽനിന്ന് അന്ധകാരത്തിലേക്ക് നീക്കപ്പെട്ടവരും പ്രകാശത്തിൽനിന്ന് മറയ്ക്കപ്പെട്ടവരുമായ മരിച്ചവരെ നമ്മുടെ കർത്താവേശുമിശിഹായുടെ സ്ലീബായാൽ രക്ഷിച്ചു എന്നതിനെ സൂചിപ്പിക്കുവാനായാണ്.

[5] പട്ടക്കാരൻ പറയുന്നു നമ്മുടെ വിചാരങ്ങളും ഹൃദയങ്ങളും ഉയരങ്ങളിൽ ആയിരിക്കണം. ഇത് സൂചിപ്പിക്കുന്നത് കുരിശാണ് നമ്മുടെ രക്ഷ സാധ്യമാക്കിത്തീർത്തതെങ്കിൽ അവന്റെ സ്ലീബാ ഉയർത്തിയടത്തായിരിക്കണം നാമും. അതായത്, കുരിശിതനായ പുത്രൻ സ്വർഗ്ഗത്തിലാകുന്നതുപോലെ നമ്മുടെ വിചാരങ്ങളും സ്വർഗ്ഗത്തിലെ രൂപത്തിലായിരിക്കണം. അതുപോലെതന്നെ ആയി

രിക്കണം നമ്മുടെയെല്ലാം ഹൃദയങ്ങളും, അതായത് നമ്മുടെ മനസ്സുകളും ആലോചനകളും.

ഞങ്ങളുടെ (ബോധങ്ങളും വിചാരങ്ങളും) കർത്താവിങ്കലാകുന്നു എന്ന് ജനങ്ങൾ മറുപടിയായി പറയുന്നു. അതായത്, ഞങ്ങളിൽനിന്ന് സ്വീകരിച്ച ബലി [] വചനമായ ദൈവത്തിന്റെ ശരീരം ആകുന്നു.

[6] ഭയത്തോടെ കർത്താവിനെ നാം ഏറ്റുപറയണം എന്ന് പട്ടക്കാരൻ പറയുന്നു. ഭയത്തോടെ ഏറ്റുപറയണം എന്നാൽ, ക്രിസ്ത്യാനികൾ എന്ന് അവന്റെ നാമം നമ്മുടെമേൽ വിളിക്കപ്പെട്ടിരിക്കുന്നതു പോലെ ക്രിസ്ത്യാനിക്ക് ഉചിതമായ പ്രവൃത്തികൾ ചെയ്തും ഭയത്തോടെയും ഇരിക്കണം. കാരണം, ഈ നമ്മുടെമേലുള്ള ഈ നാമം പേരിനുമാത്രം ക്രിസ്ത്യാനികളും നമ്മുടെ പ്രവൃത്തികളാൽ ക്രിസ്തുവിന് ഇതരന്മാരും ആകരുത്. അവന്റെ പാതകളെ കാക്കുന്നില്ല എന്നാലോ നമ്മുടെ നീചമായ പ്രവൃത്തികളാണ് നാം ചെയ്യുന്നത്.

അത് യുക്തവും ന്യായവുമാകുന്നു എന്ന് ജനം പറയുന്നു. അതായത്, നാം പറഞ്ഞവയല്ലാതെ അവന്റെ കുരിശിന് യാതൊരു പ്രതിഫലവും നമ്മിൽനിന്ന് ആവശ്യപ്പെടാതെ അവൻ നമുക്ക് ചെയ്തതുപോലെ വെടിപ്പോടെയും വിശുദ്ധിയോടെയും അവനിഷ്ടമുള്ള സകല വിധത്തിലുമുള്ള ധാർമ്മിക (പ്രവൃത്തികളാലും) അവന് നാം ബലി അണയ്ക്കുവാൻ ദൈവം യോഗ്യനാണ്.

[7] തീർച്ചയായും അത് യുക്തവും ന്യായവുമാകുന്നു എന്ന് പട്ടക്കാരൻ രഹസ്യപ്രാർത്ഥന ചൊല്ലുന്നു. ജീവനോടിരിക്കുന്നവരിൽനിന്ന് മാത്രമല്ല മരിച്ചവരിൽനിന്നും (സ്തുതി സ്വീകരിക്കുവാൻ) ദൈവം യോഗ്യനാകുന്നു. കാരണം ദൈവം രക്ഷിക്കുവാൻ വന്നപ്പോൾ ജീവനുള്ളവരെയും മരിച്ചവരേയും രക്ഷിച്ചു. അതുകൊണ്ട് രണ്ട് കൂട്ടരും അവനെ ബഹുമാനിക്കുവാൻ അവൻ യോഗ്യനാകുന്നു.

[8] പട്ടക്കാരൻ നിവർന്ന് നിന്ന് (ഉറക്കെ) പ്രാർത്ഥന ചൊല്ലുന്നു. സ്വർഗ്ഗാദി സ്വർഗ്ഗങ്ങളും അവയുടെ സകല സൈന്യങ്ങളും. സ്വർഗ്ഗം (എന്ന വാക്കുകൊണ്ട്) സൂചിപ്പിക്കുന്നത് താഴെയുള്ള സ്വർഗ്ഗീയ സൈന്യങ്ങളെയാണ്. സ്വർഗ്ഗാദി സ്വർഗ്ഗം കൊണ്ട് ഉദ്ദേശിക്കുന്നത് മൗത്ബേന്മാരുടേയും ക്രോബേന്മാരുടേയും സ്രോപ്പേന്മാരുടേയും ഉന്നതമായ സഭയെയാണ്. അവനെ സ്തുതിക്കുന്നവർ എന്നാൽ, അവയുടെ നിരകളിലുള്ള എല്ലാവരും(ഒമ്പത് വൃന്ദം മാലാഖമാരും). അതുപോലെതന്നെ മനുഷ്യരും അവരവരുടെ ഗണം അനുസരിച്ച് സ്തുതിക്കണം.

[9] പട്ടക്കാരൻ ശബ്ദം താഴ്ത്തിക്കൊണ്ട് പറയുന്നു. (സർവ്വ) ലോകങ്ങളുടെയും രാജാവും എല്ലാവർക്കും വിശുദ്ധി നൽകുന്നവനുമായ നീ സത്യമായിട്ടും വിശുദ്ധനാകുന്നു. അതായത് നീ സത്യമായിട്ടും വിശുദ്ധനാകുന്നു എന്നാൽ പിതാവ് വിശുദ്ധനാകുന്നതുപോലെ അവനിൽനിന്നുള്ള പുത്രനും അവന്റെ കൂടെ റൂഹായും (പരിശുദ്ധനാകുന്നു). (സകല)ലോകങ്ങളുടെയും രാജാവ് എന്നതുകൊണ്ട് മരിച്ചവരിൽ നിന്ന് ഉയിർത്തവൻ എന്നതാണ് സൂചിപ്പിക്കുന്നത്.

പട്ടക്കാരൻ നിവർന്ന് നിന്നുകൊണ്ട് പാപികളായ നമുക്കുവേണ്ടി പാപമില്ലാത്തവനായ താൻ സ്വമനസ്സാലെ മരണം സ്വീകരിക്കുവാൻ തയ്യാറായപ്പോൾ എന്നത് പാപത്താൽ മരിച്ചവർക്ക് വേണ്ടി ദൈവം താൻ അർഹിക്കാത്ത കഷ്ടതകളും മരണവും സ്വീകരിച്ചതുപോലെ പട്ടക്കാരും ചെയ്യണം. ശരീരത്തിലിരിക്കുന്ന എല്ലാവരുടേയും രക്ഷയ്ക്കുവേണ്ടി അവരെത്തന്നെ നൽകണം. അങ്ങനെ ദൈവികമായ സ്വരൂപം അവരിൽ വെളിപ്പെടണം.

[11] പിന്നീട് പട്ടക്കാരൻ പറയുന്നു, നമ്മുടെ കർത്താവിന്റെ മരണവും മരിച്ചവരുടെ ഇടയിൽനിന്നും മൂന്നാം ദിവസമുള്ള അവന്റെ ഉയിർപ്പും അവന്റെ സ്വർഗ്ഗാരോഹണവും നാം ഓർക്കുന്നു. ദൈവം മരിച്ച ആ മരണം നാം ഓർക്കണം എന്നു പറഞ്ഞാൽ ദൈവം മരിച്ചപ്പോൾ *അവനിൽ (പാപം) ഇല്ലാതിരിന്നിട്ടും* (2 കൊരി 5:21) അവനോടുകൂടെ എല്ലാ മരണത്തേയും എല്ലാ പാപത്തേയും അവൻ കൊന്നു. അങ്ങനെതന്നെ നാമും ലോകത്തിൽ നിന്ന് പോകുമ്പോൾ നമ്മിൽ നശിപ്പിക്കുന്ന മരണത്തിന്റെ അംശം ഉണ്ടായിരിക്കരുത്. എന്നാലോ സകല ലൗകികമായവകളിൽ നിന്നും പൂർണ്ണമായി അകന്ന് ഉന്നതമായ ധാർമ്മികതയിൽ നാം (കാണപ്പെടണം).

[12] പട്ടക്കാരൻ പറയുന്നു, നിന്റെ കൃപകളെ ഞങ്ങൾ ഓർക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യുമ്പോൾ. പരിശുദ്ധ സഭയുടെ മക്കൾ നമ്മുടെ രക്ഷകന്റെ സ്മരണയിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയില്ല എന്ന് പട്ടക്കാരൻ സൂചിപ്പിക്കുന്നു. അതുപോലെ വീണ്ടും നമ്മുടെ രക്ഷയിലൂടെ അവൻ ചെയ്ത കൃപകളേയും (നാം ഓർക്കണം).

[13] പട്ടക്കാരൻ വണങ്ങിക്കൊണ്ട് പരിശുദ്ധ റൂഹായെ വിളിക്കുന്നു. പരിശുദ്ധ റൂഹാ ക്രിസ്തുവിലേക്ക് ആവസിക്കുന്നതിനെ പട്ടക്കാരൻ ഇവിടെ സൂചിപ്പിക്കുന്നു. പ്രാവിന്റെ രൂപത്തിൽ അവനിലേക്കിറങ്ങിയ പരിശുദ്ധ റൂഹാ തന്റെ കൃപയാൽ നമ്മുടെ അടുക്കലേക്ക് ഇറങ്ങി. ക്രിസ്തു വെടിപ്പുള്ളവനായിരുന്നതുപോലെ നാം പറഞ്ഞ കാര്യങ്ങളിലും അവൻ ഉണ്ടായിരിക്കട്ടെ എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

[14] പട്ടക്കാരൻ തന്റെ കൈകൊണ്ട് തന്റെ മാർവ്വിൽ മൂന്ന് പ്രാവശ്യം അടിച്ചുകൊണ്ട് കർത്താവേ ഞങ്ങളോട് കൃപ ചെയ്യണമേ എന്ന് പറയുന്നു. ജനമെല്ലാം മൂന്ന് പ്രാവശ്യം കുറിയേലായിസോൻ എന്ന് പറയുന്നു.

പരിശുദ്ധാത്മാവിന്റെ ഇറക്കത്തിൽ പുരോഹിതൻ തന്റെ മാറിൽ അടിക്കുന്നത് സൂചിപ്പിക്കുന്നത് ആദിയിൽ മനസ്സ് ദേഹി ശരീരം എന്നീ മൂന്ന് സ്ഥലങ്ങളിലാണ് പാപം വെളിവായി വന്നത്. (പുറം 66) എന്നാൽ മനുഷ്യൻ രക്ഷപ്രാപിച്ചപ്പോൾ മൂന്ന് വിധത്തിലാണ് അവന് രക്ഷ ഉണ്ടായത്. അവന്റെ മനസ് പൂർണ്ണമായി സ്വതന്ത്രമായി, അവന്റെ ദേഹി ഉൽകൃഷ്ടമായിത്തീർന്നു, അവന്റെ ശരീരം വെടിപ്പായി കാക്കപ്പെട്ടു. പാപം ധാരാളമായി മനസ്സിൽ കാണപ്പെട്ടതുകൊണ്ടാ പട്ടക്കാരൻ മൂന്ന് പ്രാവശ്യം മുട്ടുന്നത്. തന്മൂലം മുമ്പ് അശുദ്ധമായിരുന്ന സ്ഥലങ്ങളിൽ പരിശുദ്ധാത്മാവ് ഇറങ്ങി കാണപ്പെടുകയും വസിക്കുകയും ചെയ്യും.

വീണ്ടും, മൂന്ന് പ്രാവശ്യം അടിക്കുന്നത് പരിശുദ്ധാത്മാവ് പരിശുദ്ധ സഭയെ ആദ്യമായി സന്ദർശിച്ചപ്പോൾ മൂന്ന് വിധത്തിലുള്ള അവന്റെ പ്രവർത്തനങ്ങൾ അതിനെ കാണിച്ചു. അതായത്, പരിശുദ്ധ സഭയുടെ ശുശ്രൂഷയ്ക്കായി കഷ്ടപ്പെടുന്നവരെ പൂർണ്ണരാക്കുകയും പ്രകാശിതരാക്കുകയും വെടിപ്പുള്ളവരാക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

ജനം മൂന്ന് പ്രാവശ്യം കുറിയേലായിസോൻ എന്ന് പറയുന്നത് സഭയുടെ എല്ലാ മക്കളും മൂന്ന് വിധത്തിൽ പൂർണ്ണരാകണം എന്നാണ് സൂചിപ്പിക്കുന്നത്. അതായത്, വിശ്വാസത്തിന്റെ പൂർണ്ണതയിലും ചിന്തകളുടെ നിർമ്മലീകരണത്തിലും ദേഹിയുടേയും ശരീരത്തിന്റേയും എല്ലാ ഇന്ദ്രിയങ്ങളുടേയും (ദശേന്ദ്രിയങ്ങളുടെ) വിശുദ്ധീകരണത്തിലും.

[15] സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നുവരെയുള്ള നിവർന്നും തലവണങ്ങിയുമുള്ള പ്രാർത്ഥനകൾ പതിനെട്ടെണ്ണമാണ്. അവ സൂചിപ്പിക്കുന്നത്, വചനം (പുത്രൻ) അവനിൽ എട്ടാമത്തേതാണ്. അവൻ പത്ത് ഇന്ദ്രിയങ്ങൾ നമുക്ക് നൽകി. ഇത് നമുക്ക് പത്ത് ഇന്ദ്രിയങ്ങളുടേയും സകല പ്രതികൂല പ്രവർത്തനങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്.

പട്ടക്കാരൻ തല വണങ്ങിയും നിവർന്നും നിൽക്കുന്നത്: അവൻ അണയ്ക്കുന്ന ബലിയിൽ നിവർന്ന് നിൽക്കുന്നത് ജീവനുള്ളവരേയും തല വണങ്ങുന്നത് വാങ്ങിപ്പോയവരേയും സൂചിപ്പിക്കുന്നതിനാണ്. അതുപോലെ തന്നെ വീണ്ടും, അടുത്തവരേയും അകലെയുള്ളവരേയും (സൂചിപ്പിക്കുവാനാണ്).

[16] ശെമ്മാശ്ശൻ കാനോനാകൾ (തുബ്ദേൻ) വായിക്കുന്നു. കാനോനാകൾ ആറെണ്ണമാണ്. കാനോനാകൾ വായിക്കുന്ന ശെമ്മാശ്ശൻ വിശുദ്ധ മാലാഖമാരെയാണ് സൂചിപ്പിക്കുന്നത്. അവർ നമ്മോട് ചേർന്ന് നിൽക്കുന്നവരാകുന്നു. നമ്മുടെ രീതികളേക്കുറിച്ചും പ്രവൃത്തികളേക്കുറിച്ചും സ്വഭാവങ്ങളേക്കുറിച്ചും അത് നല്ലതാണെങ്കിലും തീയതാണെങ്കിലും മേലുള്ളവരെ പഠിപ്പിക്കുന്നവരാകുന്നു അവർ. എങ്കിലും പ്രത്യേകിച്ച് നമ്മുടെ വിജയങ്ങളും ധീരമായ പോരാട്ടങ്ങളും കാണുമ്പോൾ അവർ അത് പഠിപ്പിക്കുന്നു. അതുപോലെ കഷ്ടതകളിലും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളിലും കൂടെ പോകുന്നവരെ അവർ ഓർക്കുന്നു. അതുകൊണ്ട് മാലാഖമാരുടെ പ്രതീകങ്ങൾ എന്ന നിലയിൽ അനുഗ്രഹങ്ങളുടെ സ്ഥലത്തുനിന്ന് വീണുപോയ യാതൊരുവിധ കഷ്ടതയിൽ അകപ്പെട്ട പരിശുദ്ധ സഭയുടെ മക്കളെ ശെമ്മാശ്ശൻ ഓർക്കുന്നു. ആറ് കാനോനാകൾ സൂചിപ്പിക്കുന്നത് വചനമായ ദൈവം വന്ന് സകല മനുഷ്യജാതികളുടേയും രക്ഷ നടപ്പിൽ വരുത്തിയ ആറ് കാലങ്ങളേയാണ് സൂചിപ്പിക്കുന്നത്. വീണ്ടും മനുഷ്യൻ നാല് ഘടകങ്ങളിൽനിന്നും രണ്ട് തരത്തിലുമാണ്. നാല് ഘടകങ്ങൾ ചൂട്, തണുപ്പ്, ഊഷരം, ഉർവ്വരം എന്നിവയും രണ്ടുതരം

എന്നത് ആത്മാവും ശരീരവും ആകുന്നു. ഇവ കൂടിച്ചേർന്നാൽ ആറ് ആകുന്നു. അവയെല്ലാം പ്രത്യേകമായും വെടിപ്പുള്ളതായിരിക്കണം. അതിനുശേഷം മാത്രമേ യൂക്കറിസ്റ്റിനെ സമീപിക്കാവൂ.

[17] കാനോനാകൾക്ക് ശേഷം പ്രഖ്യാപനം ഉണ്ടായിരിക്കണം. അത് സൂചിപ്പിക്കുന്നത്. പ്രഖ്യാപനം അർത്ഥമാക്കുന്നത് പരിശുദ്ധ സഭയിലുള്ള വെടിപ്പിനേയും വിശുദ്ധിയേയുമാണ്. സഭ അർപ്പിക്കുന്ന ബലിയിൽ പരിശുദ്ധ റൂഹാ ഇറങ്ങി പൂർണ്ണമാക്കുന്നു. വീണ്ടും പ്രഖ്യാപനം (കോറൂസൂസോ) വചനം ദൈവം പരിശുദ്ധാത്മാവിനാൽ പരിപൂർണ്ണനായിത്തീർന്നതുപോലെ തിരുവത്താഴ മേശമേൽ വച്ചിരിക്കുന്ന ബലി റൂഹായാൽ പൂർണ്ണമാക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

[18] കോറൂസൂസോയ്ക്ക് ശേഷം സമാധാന മാലാഖ ഉണ്ടായിരിക്കട്ടെ. യൂക്കറിസ്റ്റ് സ്വീകരിക്കുന്ന സകലരുംവെടിപ്പും വിശുദ്ധിയും ഉള്ളവരായിരിക്കണം എന്നാണ് ഇത് അർത്ഥമാക്കുന്നത്. സമാധാന മാലാഖ നമ്മുടെ കർത്താവായ യേശുമിശിഹാ ആകുന്നു. അവനെ പിതാവിന്റെ മാലാഖ എന്ന് വിളിച്ചിരുന്നു (മലാ 3:1). തന്റെ പിതാവിൽ മറഞ്ഞിരുന്നതും രഹസ്യമായതുമായതിനെ വെളിപ്പെടുത്തിയ കാരണമാകുന്നു. അവൻ പിതാവിനും മനുഷ്യർക്കും ഇടയിൽ സമാധാനം വിതച്ചവൻ ആകുന്നു. അവൻ സത്യമായി വിശുദ്ധിയുള്ള ആത്മാക്കളെ തേടി വന്ന് സമാധാനത്തോടെ അവരുടെ ശരീരത്തിൽ നിന്ന് സ്വീകരിച്ച വിശുദ്ധ മാലാഖമാരോടുകൂടെ അവരെ ക്രമീകരിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന അവസാനമായി ചൊല്ലുന്നു. അതായത്, സകല കാരണമായവയും പിതാവിങ്കലേക്ക് ആകർഷിക്കപ്പെടും. അവന്റെ സ്വഭാവത്തോട് അതായത് പുത്രന്റേയും പരിശുദ്ധ റൂഹായുടേയും (സ്വഭാവത്തോടും) സമമായവരാണെങ്കിൽ അല്ലെങ്കിൽ മാലാഖമാരേയും മനുഷ്യരേയും (മറ്റ്) സൃഷ്ടികളേയും പോലെ അവർ സ്വഭാവത്തിൽ വ്യത്യാസമുള്ളവരാണെങ്കിലും എല്ലാവരും അവങ്കലേക്ക് പ്രവേശിക്കും. അവൻ അവന്റെ മഹാകരുണയാൽ ഈ ലോകത്തിലെ സഭയുടെ മക്കളെയെല്ലാവരേയും വരുവാനുള്ള ലോകത്തിലേയും പ്രത്യേകിച്ച് തന്റെ കൽപ്പനകളെ പാലിച്ച് അവയെ തങ്ങളുടെ ജീവകാലമൊക്കെയും പൂർത്തീകരിച്ചവരെ തങ്കലേക്ക് ഉയർത്തും.

[20] ഇവ കൂടാതെ പരിശുദ്ധ സഭയുടെ എല്ലാ വിശുദ്ധ രഹസ്യങ്ങളുടെയുമായ ഈ രാജകീയ വിളംബരത്തിലേക്ക് കടന്നുവന്നിരിക്കുന്നവരും ഇത് വായിക്കുകയും ധ്യാനക്കുകയും ചെയ്യുമ്പോൾ ഇതിൽ എന്താണ് പൂർണ്ണമായി അടങ്ങിയിരിക്കുന്നതെന്ന് അറിയാം. ഈ കൃതി എഴുതിയത് സ്വർഗ്ഗീയരായ സൈന്യങ്ങളുടെ ക്രമീകരണത്താലാണെന്ന് ഇത് (വായിച്ച്) പൂർത്തിയാക്കുന്നവർക്ക് മനസ്സിലാകും. അവസാനം മാത്രം പരിശോധിക്കുന്നവർക്ക് പോലും മനസ്സിലാകും. യാഹീലികൾക്കെതിരെ (അറേബ്യായിലെ കുർദുകളുടെ ഒരു വംശം) അവരുടെ ദയറായിൽ എതിർപ്പുകൾ പ്രകടിപ്പിക്കുന്നവർക്ക് ഈ ലോകത്തിൽ അവർക്കെതിരെ ഉണ്ടാകുന്ന പിശാചുക്കളുടെ പീഢനവും വരുവാനുള്ള ലോകത്തിലെ അവസാനിക്കാത്തതും മാറ്റാനൊക്കാത്തതുമായ പീഢകളും ഉണ്ടാകും. പരിശുദ്ധ സഭയുടെ മക്കളെ സ്വീകരിക്കുന്നവർക്ക് പ്രത്യേകിച്ച് പ്രബോധനം നടത്തുന്നവർക്കും ദിവ്യങ്ങളായ പുസ്തകങ്ങൾക്ക് വേണ്ടി കഷ്ടപ്പെടുന്നവർക്കും ജോലിക്കാർക്കും (ആശ്വാസവും ഉണ്ടാകും).

[21] ബലഹീനനും പാപിയുമായ അജ്ഞതയുടെ കൂടുമായ യൗനായുടെ പുത്രനായ അബ്രഹാം ശെമ്മാശ്ശന്റെ കൈകളാലുള്ള കൂറോബോയുടെ വ്യാഖ്യാനം അവസാനിച്ചു. (ദാരായിലെ മെത്രാപ്പോലീത്തായായ മാർ ഈവാനിയോസിന്റെ പുസ്തകത്തിൽ നിന്നുള്ള കൂറോബോയുടെ വ്യാഖ്യാനം അവസാനിച്ചു). നമ്മുടെ കർത്താവേശുമിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ എനിക്കുവേണ്ടിയും എന്റെ ആത്മീയ പിതാക്കന്മാർക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ.

(അവസാനിച്ചു)



മലങ്കര ഓർത്തഡോക്സ് സഭ പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ കുണ്ടറ സെമിനാരിയിൽ വെച്ച് പരിസ്ഥിതി ദിനാഘോഷം,ഗ്രീൻ ക്യാമ്പസ് പ്രോജക്ടന്റെ ഉദ്ഘാടനവും എൻ. കെ. പ്രേമചന്ദ്രൻ എം.പി. നിർവ്വഹിച്ചു. പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി. സി. വിഷ്ണുനാഥ് എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. ഫാ. സജി അമയിൽ, റോണി വർഗ്ഗീസ് എബ്രഹാം, അഡ്വ. ബിജു ഉമ്മൻ, ഫാ. പി. ടി ഷാജൻ, ഫാ. ഫിലിപ്പ് തരകൻ തുടങ്ങിവർ സംസാരിച്ചു.

യുവജനപ്രസ്ഥാനം പ്രവാസി സെൽ രൂപീകരിക്കുന്നു

കോട്ടയം: പ്രവാസ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ക്ഷേമപദ്ധതികൾ സഭാംഗങ്ങളിലേക്കെത്തിക്കുന്നതിനും, പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അഖില മലങ്കര അടിസ്ഥാനത്തിൽ പ്രവാസി സെൽ രൂപീകരിക്കുന്നു.

ഇതിന്റെ പ്രധാന ചുമതലക്കാരായി കേന്ദ്ര അസംബ്ലി തെരഞ്ഞെടുത്ത യുവജനപ്രസ്ഥാനം മുൻ ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസിനെയും യു.എ.ഇ. സോൺ മുൻ സെക്രട്ടറി ആന്റോ അബ്രഹാമിനെയും ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്താ നിയമിച്ചു.





ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രവാസി സെല്ലിന്റെ പ്രധാന ചുമതലക്കാരിൽ ഒരാളായി നിയമിക്കപ്പെട്ട ആന്റോ എബ്രഹാം. കട്ടിളപൂവം സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗമാണ്.

വചനതീർത്ഥം



“തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്ക”

പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച

വി. മത്തായി 10:34–11:1

ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭകാലത്ത് ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു. ആ തിരഞ്ഞെടുപ്പിനു ചില പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. മാത്രമല്ല തിരഞ്ഞെടുക്കപ്പെടുന്നവൻ പാലിക്കേണ്ട ചില ചുമതലകളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരുന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിന് അയപ്പാനും, ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു. (വി. മർക്കോസ് 3:14-15). അനന്തരം അവൻ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്കു അധികാരം കൊടുത്തു (വി. മത്തായി 10:1). സൗജന്യമായി നിങ്ങൾക്ക് ലഭിച്ചത് സൗജന്യമായി കൊടുപ്പിൻ. മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ടു ഉടുപ്പും, ചെരിപ്പും, വടിയും കരുതരുത്. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ. ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരുമായിരിപ്പിൻ. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും.

വീണ്ടും നാം വായിക്കുന്നു ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ. ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും. അതായത് ശിഷ്യത്വം എന്നു പറയുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ നാം എന്തു ചെയ്താലും സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിക്കുവേണ്ടി ചെയ്യുന്നു. എല്ലാ കാര്യവും ദൈവത്താൽ എണ്ണപ്പെടും. അതിനു നമ്മെ ശക്തിപ്പെടുത്താൻ അവൻ നമ്മോടൊപ്പം ഉണ്ടായിരിക്കും എന്ന ഒരു ഉറപ്പും നമുക്ക് നൽകുന്നു. അവസാനമായി യേശുക്രിസ്തു പറയുന്നു, “ഞാൻ ഭൂമിയിൽ വന്നിരിക്കുന്നത് സമാധാനം വരുത്തുവാൻ അല്ല വാൾ അത്രേ വരുത്തുവാൻ വന്നതു” എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല.

യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിൽ ഉൾക്കൊള്ളുന്ന വലിയ വെല്ലുവിളികൾ ഈ വാക്കുകളിൽ ഉണ്ട്. നാം അവനെ അനുഗമിക്കുമ്പോൾ നാം അഭിമുഖീകരിക്കേണ്ടിവരുന്ന തടസ്സങ്ങളും വെല്ലുവിളികളും എന്തെല്ലാമാണ്. ഈ വെല്ലുവിളികളെ ഒക്കെ നാം അതിജീവിക്കുമ്പോൾ ആണ് നമുക്ക് യഥാർത്ഥ ശിഷ്യത്വത്തിലേക്ക് എത്തിച്ചേരുവാൻ സാധിക്കുന്നത്. ശിഷ്യന്മാരുടെ ജീവിതത്തിൽ പോലും ഈ വെല്ലുവിളികളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. ചിലപ്പോൾ ഒക്കെ അവർ ഇവയുടെ മുന്നിൽ പരാജയപ്പെട്ടു പോകാറുമുണ്ട്. അതിനാൽ ശിഷ്യത്വം എന്നു പറയുന്നത് അത്ര പ്രയാസം കുറഞ്ഞ കാര്യമല്ല. വി. മർക്കോസിന്റെ വീക്ഷണത്തിൽ യേശുവിനെ പിന്തുടരുക എന്നുവെച്ചാൽ, ശിഷ്യത്വത്തിൽ നിന്നും ഉദ്ദേശിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയുള്ള സേവനത്തിൽ മുഴുക എന്നർത്ഥം. യേശു ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അവസാനമായി നൽകുന്ന അധികാരം “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ” എന്നാണ്. വീണ്ടും ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് (വി. മത്തായി 28:18-20) എന്ന ഒരു ഉറപ്പും നൽകുന്നു.

ത്യാഗത്തിന്റെയും, കഷ്ടതയുടെയും, കുരിശിന്റെയും മാർഗ്ഗമാണ് ശിഷ്യത്വം

ഒരു വശത്ത് ദൈവത്തോടുള്ള ബന്ധത്തിൽ കൂടെ സമാധാനം അനുഭവിക്കുന്നവർ, മറുവശത്ത് സ്വന്തക്കാരിൽ നിന്നും എതിർപ്പും, ഉപദ്രവും, മരണം വരെ നേരിടേണ്ടി വരുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ സ്വന്തം വീട്ടുകാരിൽ നിന്നും, നാട്ടുകാരിൽനിന്നും ഒക്കെയാണ് കൂടുതൽ എതിർപ്പുകൾ നേരിടേണ്ടി വന്നത്. തന്റെ വീര്യപ്രവർത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചു തുടങ്ങി (വി. മത്തായി 11:20). ഒരിക്കൽ ഇവനിൽ ബെയത്സബൂൽ ഉണ്ട് എന്ന് പോലും ആരോപിക്കുന്നു. യേശുക്രിസ്തു ശിഷ്യത്വത്തെക്കുറിച്ചു പറയുന്നത് തന്നെ പിന്തുടരുന്നവർ ശിഷ്യരായാലും മറ്റാരെങ്കിലും ആയാലും ഈ ലോകത്തിൽ കഷ്ടമനുഭവിപ്പാനും, കഠിനവ്യഥ സഹിപ്പാനും തയാറായിരിക്കണം. പരിശുദ്ധനായ പൗലോസ് ശ്ലീഹാ തിമൊഥെയോസിനു എഴുതിയ ലേഖനത്തിൽ പറയുന്നു “ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്യുക. നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്കുക.

വി. പത്രോസ് ശ്ലീഹാ കഷ്ടതയെക്കുറിച്ചു പറയുന്നത് “ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു. അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം” (1 പത്രോസ് 4:1). ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ തന്നെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ. നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്. പരകാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല. ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത് (1 പത്രോസ് 4:13-16). ആയതിനാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് കഷ്ടതയോ ബുദ്ധിമുട്ടോ ഉണ്ടാകുമ്പോൾ അവയെ ഒക്കെ ത്യാഗമനോഭാവത്തോടെയും ക്ഷമയോടെയും സഹിക്കുവാനും അതിജീവിക്കുവാനും സാധിക്കണം. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല. അതായത് അഹത്തെ പൂർണ്ണമായി ക്രൂശിക്കുന്നതിലൂടെ മാത്രമേ ഒരുവന് യേശുവിന്റെ കൂടെ ചരിക്കാൻ സാദ്ധ്യമാകൂ. ഈ ലോകത്തിൽ കഷ്ടമനുഭവിക്കുന്നവൻ സ്വന്തം ജീവൻ ബലിയർപ്പിക്കുന്നവൻ ശാശ്വത ജീവന് അവകാശികളാകുമെന്നത് വാസ്തവമാണ്.

ലോക ഇമ്പങ്ങളോടും ബന്ധങ്ങളോടും ഉള്ള വിടുതൽ ആണ് ശിഷ്യത്വം

എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം മകനെയോ, മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല (വി. മത്തായി 10:37). യേശുവിനോടുള്ള

ബന്ധവും വിശ്വസ്തതയും അവർ വിലയേറിയതായി കരുതുന്നതുകൊണ്ട് ശക്തിമായ കുടുംബ ബന്ധങ്ങളെപ്പോലും അവർക്ക് കൈവെടിയേണ്ടിവരും. സ്വന്തം കുടുംബാംഗങ്ങളെക്കാൾ അധികമായ സ്നേഹവും, വിശ്വസ്തതയും ശിഷ്യർക്ക് യേശുവിനോടായിരിക്കണം. പത്രോസ് യേശുതമ്പുരാനോട് സകലവും വിട്ട് നിന്നെ അനുഗമിക്കുന്നു എന്നു പറഞ്ഞപ്പോൾ യേശുതമ്പുരാൻ കൊടുത്ത മറുപടി “എന്റെ നിമിത്തവും, സുവിശേഷം നിമിത്തവും സഹോദരന്മാരെയോ, സഹോദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടും കൂടെ നൂറുമടങ്ങു വീടുകളെയും, സഹോദരന്മാരെയും, സഹോദരികളെയും, അമ്മമാരെയും, മക്കളെയും, നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല (വി. മർക്കോസ് 10:29-30). എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടു തന്നെത്താൻ നഷ്ടമാക്കിക്കളകയോ ചേതം വരുത്തുകയോ ചെയ്താൽ അവനു എന്തു പ്രയോജനം.

നാം ജീവിക്കുന്ന ഈ ലോകത്തിൽ മനുഷ്യൻ ഇന്ന് ലോകഇമ്പങ്ങളുടെ പുറകെ ഓടുകയാണ്. ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹു ദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു (1 തീമോ. 6:10). ക്രിസ്തുവിന്റെ ശിഷ്യത്വത്തിന് ധനം ഒരു പ്രതിബന്ധമായി തീരാമെന്നുള്ള കാര്യം സ്പഷ്ടമാക്കുന്ന കഥയാണ് യേശുവിനെ സമീപിച്ച യുവാവിന്റേത്. ലോകപ്രകാരം അഭികാമ്യമെന്ന് തോന്നാവുന്ന പലതും അവനുണ്ടായിരുന്നു. ധനികനാണ്, പ്രമാണിയാണ്, യുവാവാണ്, സന്മാർഗിയാണ്. എങ്കിലും അവനിലുണ്ടായിരുന്ന കുറവ് ധനത്തോടുള്ള അമിത ആശ്രയം ആയിരുന്നു. ഇവിടെ ധനവാനായ യുവാവ് തന്റെ സമ്പാദ്യത്തെ കൈവെടിയുവാൻ മനസ്സില്ലാതെ മുറുകെ പിടിക്കുകയാണ്. ഇതും ശിഷ്യത്വത്തിനു ഒരുവിലങ്ങുതടിയാണ്. ലോകസുഖങ്ങളെയും ആസക്തികളെയും നിസാരമായി കാണുവാൻ നമുക്ക് സാധിക്കണം.

ശിഷ്യത്വത്തിലേക്കു നാം അടുത്തുവരുമ്പോൾ ത്യാഗത്തിന്റെയും, കഷ്ടതയുടെയും, കുരിശിന്റെയും മാർഗ്ഗത്തെ പിൻപറ്റുവാൻ നമുക്ക് കഴിയണം. ലോകപ്രകാരം നമ്മെ ആകർഷിക്കുന്നവയിൽനിന്ന് സ്വയം അകന്നു നിൽക്കുവാനും കഴിയുമ്പോൾ ആണ് ശരിയായ ശിഷ്യത്വത്തിലേക്ക് നാം എത്തിച്ചേരുന്നത്. അവിടെ കഷ്ടതയോ, കുരിശോ, നിന്ദയോ, പരിഹാസമോ ഒന്നും നമുക്ക് ഒരു വിലങ്ങുതടിയല്ല. ശിഷ്യത്വത്തിലേക്കു കടന്നു വരുന്നവർക്ക് ക്രിസ്തു നൽകുന്ന ഉറപ്പ് എന്നു പറയുന്നത് നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. നാം പ്രേഷിത പ്രവർത്തനത്തിലേക്കു പ്രവേശിക്കുമ്പോൾ നമ്മെ സ്വീകരിക്കുന്നതു ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു തുല്യമാണ്. ക്രിസ്തുവിന്റെ പ്രേഷിതവേല ഈ ലോകത്തിൽ നമ്മുടെ ജീവിത അന്ത്യത്തോളം തുടർന്നുകൊണ്ടുപോകുവാൻ നമുക്കിടയാകട്ടെ. ❑



തിരുവനന്തപുരം മെഡിക്കൽ കോളജിലെ വാർഡുകളിൽ ആരും കൂട്ടിക്കൊണ്ടു പോകാനില്ലാത്ത, പോകാൻ വീടുകളില്ലാതെ കഴിഞ്ഞിരുന്ന 14 രോഗികളെ ഓർത്തഡോക്സ് സഭയുടെ സ്ഥാപനമായ കാരുണ്യാ വിശ്രാന്തി ഭവൻ ഏറ്റെടുത്തു.





ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ മൈതാനിയിൽ ഫലവൃക്ഷത്തൈ നട്ടു. റ്റി. ജെ. ചെറിയാൻ, ഏബൽ മാത്യു, എ. വി. ജോർജ്ജ്, ഡോ. തോമസ് ജോൺ മാമ്പറ, പി. ഐ. മാത്യു, നഥാനിയേൽ റമ്പാൻ, ഫാ. തോമസ് ജോൺസൺ കോർ എപ്പിസ്കോപ്പ, തോമസ് ജോൺ വടക്കേൽ, ഫാ. ബിജു മാത്യു പ്രക്കാനം, കെ. പി. തങ്കച്ചൻ, ഫാ. ഗബ്രിയേൽ ജോസഫ്, ഫാ. തോമസ് കെ. ചാക്കോ, ഫാ. കോശി വി. വർഗ്ഗീസ്, രാജൻ സാമൂവൽ എന്നിവർ സമീപം,



വള്ളികുന്നം സെന്റ് ജോർജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്കായി ഒരുക്കുന്ന പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനം ഇടവക വികാരി ഫാ. ഡി. ഗീവർഗീസ് നിർവഹിച്ചു.

Church Calendar

"Christ's Norm and the Christian Reward in the World of Dualism"



(Second Sunday after the Pentecost) Matthew 10:34-11:1

Fr. Geevarghese Thomas

In Matthew 10, Lord Jesus Christ gives certain imperatives about the dynamics of discipleship. Particularly in this Gospel passage, Christ highlights the nature of the Gospel. Gospel is not just a life led in peace or rather comfort. Witnessing Gospel is a life in peace with constant battling! In other words, a plant grows in an open surface exposed to light and air; whereas it has to be rooted in deep dark matter as well. Likewise, leading life in Christ is twofold - our exposure to light and air as the potential reward in eternity. And at the same time, battling the evil in our innermost chambers of thoughts, before it leads to sin manifold. Remember when Psalmist says- "Happy is the one who seizes your infants and dashes them against the rock" (Psalm 137:9). The Psalm is a lament over the destruction of Jerusalem through the evil of Babylon. Allegorically, the infants (of Babylonians) symbolise the sin or the smallest of evil done by the Babylonians. And the rock symbolises God Himself (Jesus Christ). Thus, battling and dashing our wickedness at its very infancy is the true "Good News" exhibited, exemplifying Christ's discipleship.

Reflections

1. Gospel - To know, carry one's Cross and follow Christ.

Jesus says- "Whoever does not take up their cross and follow me is not worthy of me" (Matthew 10:38). For an instance, the Cross and the state of peace may seem disproportional to us. But through the lens of spirituality, they are very much interconnected and proportional. The Cross is an experience personal as well as communal. In personal perspective, we will be at peace integrally, only when we are able to battle the annihilating weapons of sinful drives. The mind-body-spirit need an equilibrium through accepting the norm of Christ, which is wilful obedience and submission to God the Father. Justifying ourselves in being God's children is the peace which we discover in our hearts. Because, there isn't any ambiguity of selection. This ambiguity once manifested in the Paradise, when Satan tricked God's creation, "to eat" and "be wise". The unworthy desire to become like God, leads us through the courts of ambiguity. Whereas, being obedient like the Son of God, gifts us the clarity of thoughts and serenity in life situations. "The Cross" experiences manifest in our lives to gain and gift us peace.

In this competitive age, there is a malignant tendency of pride as well as reprove. Here, knowing one's Cross, means to be aware of "the attitude/mind of Christ" in a particular situation. Christ's norm was not seeking self glory. Rather, glorifying God and edifying humanity in or through the system of His economy (teaching, healing, suffering, dying or even simple conversations). In our daily transactions, we must be cognizant about the virtues of Cross to lead a life of Christian Discipleship.

Many a times, our fall is because of failing to match our words with works. Unless the knowledge of Cross becomes a life in action, we remain leading a dead faith. To carry one's Cross, implies, becoming a Gospel through your life principles and practices. And it is this life that unfolds the scope of Christian Reward. Carrying the Cross and following Christ unfolds a great blessing or say reward. The path or the way chosen to follow Christ or in other words destined to meet Christ, becomes the simultaneous reward in reality! Christian Reward is paved first through the very path and then the path leading to Eternal Life! The biggest duality is the path been full of hurdles to exemplify the Cross! As said earlier, it is only through constant deepening of roots in dark(battling phenomenon), the plant could blossom in all its fullness and unparalleled beauty.

Conclusion

In the so called secular age of so called faithful scholars, becoming the followers of Christ demands a life of peace through constant battling with the evil drives. This battle is fought with the virtues of Cross - which are humility, obedience, servanthood etc. We are the chariots of the Gospel in this world. It has to be driven or must be followed in the path destined to become like Him. What reward is greater than becoming like Him? Let us walk in Him to become like Him! May God bless us.

◆



ഐക്കൺ എക്സലൻസ് അവാർഡ് വിതരണം ചെയ്തു

ആലുവാ: വിദ്യാഭ്യാസ മേഖലയിൽ വിവിധ തലങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് ഐക്കൺ എക്സലൻസ് അവാർഡ് നൽകപ്പെട്ടു. ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് ഭദ്രാസന മെത്രാപ്പോലീത്താ യുഹാനോൻ മാർ പോളിക്കാർപോസിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട യോഗം ആലുവ മുൻസിപ്പൽ ചെയർമാൻ എം. ഒ. ജോൺ യോഗം ഉദ്ഘാടനം ചെയ്തു. ഐക്കൺ ചാരിറ്റി ചെയർമാൻ ജോർജ് എബ്രഹാം, ഭദ്രാസന സെക്രട്ടറി ഫാ. എൽദോ ഏലിയാസ്, ഫാ. ബിനോയ് വർഗീസ്, ഫാ. റിജോ മാത്യു എന്നിവർ യോഗത്തിൽ സംസാരിച്ചു.



സംസ്ഥാനതലത്തിൽ ശ്രദ്ധനേടി രാജർഷി സ്കൂൾ

ഹയർസെക്കൻഡറി പൊതു പരീക്ഷയിൽ ഗ്രേസ് മാർക്കിന്റെ ആനുകൂല്യമില്ലാതെ, 98.6 ശതമാനം മാർക്ക് നേടി സംസ്ഥാനത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഹ്യുമാനിറ്റീസ് വിദ്യാർത്ഥിയാണ് വടവുകോട് രാജർഷി മെമ്മോറിയൽ സ്കൂളിലെ നോയൽ മാത്യു ചെറിയാൻ.

പഠന മികവിനോടൊപ്പം പ്രസംഗം, കഥാരചന, ഷോർട്ട് ഫിലിം സംവിധാനം എന്നീ രംഗത്തും തന്റെ പ്രതിഭ തെളിയിച്ചിട്ടുണ്ട്. ആകർഷകമായ വ്യക്തിത്വവും സൗമ്യതയും സഹാനുഭൂതിയും ഈ വിദ്യാർത്ഥിയുടെ മുതൽക്കൂട്ടാണ്.

വായന ഏറെ ഇഷ്ടപ്പെടുന്ന നോയൽ തന്റെ പുസ്തക സമാഹരണത്തിൽ നിന്ന് 200 പുസ്തകങ്ങൾ രാജർഷിക്ക് ഗുരുദക്ഷിണയായി നല്കിയാണ് പടിയിറങ്ങിയത്. കോട്ടയം വട്ടക്കുന്നേൽ കുടുംബാംഗമാണ് നോയൽ മാത്യു ചെറിയാൻ.

വടവുകോട് രാജർഷി മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിലെ ഹ്യുമാനിറ്റീസ് വിഭാഗത്തിൽ എല്ലാ വിഷയത്തിനും എ+ നേടി, ഉയർന്ന വിജയശതമാനത്തിൽ പാസായത് 6 വിദ്യാർത്ഥികളാണ്.

സംസ്ഥാനതലത്തിൽ തന്നെ പ്രശംസനീയമായ ഈ നേട്ടം കൈവരിച്ചതിന് പിന്നിൽ, ഹ്യുമാനിറ്റീസ് വിഭാഗത്തിലെ അദ്ധ്യാപകരുടെയും , വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെയും അക്ഷീണമായ പ്രയത്നത്തിന്റെ ഫലം കൂടിയാണ്. NSS വോളന്റിയറുമായ നോയൽ മാത്യു ചെറിയാൻ തന്റെ പുസ്തക സമാഹാരത്തിൽ നിന്നും 200 പുസ്തകങ്ങൾ പൗലോസ് മാർ ഗ്രീഗോറിയോസ് സ്മാരക ലൈബ്രറിയിലേക്ക് സ്കൂൾ പ്രിൻസിപ്പൽ ഡോ. ജേക്കബ് ജോണിന് കൈമാറി. മാനേജ്മെൻറ് സ്കൂൾ കോഡിനേറ്റർ ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്, നോയലിന്റെ മാതാവ്, അധ്യാപകർ, അനധ്യാപകർ വിദ്യാർഥികൾ എന്നിവർ സന്നിഹിതരായിരുന്നു.



മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (MGOCSM) ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബ സഭയുടെ വൈദീക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ വൃക്ഷതൈ നട്ടു. ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. ബിനു ജോയ്, ഭദ്രാസന എംജിഒസിഎസ്എം വൈസ് പ്രസിഡന്റ് ഫാ. ജിജോ കെ ജോയ്, ഭദ്രാസന സെക്രട്ടറി ഷിജോ ഈശോ എന്നിവർ സമീപം.

കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.കോമിന് എബിൻ കെ സാം അഞ്ചാം റാങ്ക് കരസ്ഥമാക്കി. കൊടുമൺ സെന്റ് ബെഹനാൻസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്.










ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഈ വർഷം ഡിഗ്രി പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബികോം ടാക്സേഷനിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ നിമിഷ ജോസഫ്, എം ജി യൂണിവേഴ്സിറ്റിയിൽ ബി.എ. ഇക്കണോമിക്സിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ അലീന മെറിയ സജി, കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബികോം ടാക്സേഷനിൽ നാലാം റാങ്ക് കരസ്ഥമാക്കിയ മെറിൻ സാറ വിൽസൺ, കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബികോം ടാക്സേഷനിൽ അഞ്ചാം റാങ്ക് കരസ്ഥമാക്കിയ സ്നേഹ മേരി സന്തോഷ് എന്നിവരെ അനുമോദിച്ചു.



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഡിവൈഎഫ്ഐ പത്തനംതിട്ട ജില്ലയിലെ എല്ലാ യൂണിറ്റ് കമ്മിറ്റികളിലും വൃക്ഷത്തൈ നടിയിൽ ക്യാമ്പയിനും, ജില്ലയിലെ വീടുകൾ, ജലാശയങ്ങൾ,ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, കവലകൾ,ഫ്ലാറ്റുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങളും,വേസ്റ്റ് മാലിന്യങ്ങളും ശേഖരിക്കും.ക്യാമ്പയിന്റ് ജില്ലാ തല ഉദ്ഘാടനം തിരുവല്ലയിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



എം ജിഒ സി എസ് എം മലബാർ ഭദ്രാസന പഠനോപകരണ വിതരണ ഉദ്ഘാടനം പുതുപ്പാടി എംജിഎം സ്കൂളിൽ വച്ച് പുതിയ വർഷത്തെ പ്രവേശനോത്സവത്തോടനുബന്ധിച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥി പ്രസ്ഥാനം അഖില മലങ്കര തലത്തിൽ 1000 പഠനോപകരണ കിറ്റുകൾ വിതരണം ചെയ്യുന്നതിനോടനുബന്ധിച്ച് മലബാർ ഭദ്രാസനത്തിൽ നോട്ട് ബുക്കുകളും മറ്റുമടങ്ങുന്ന 50 കിറ്റുകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനകർമ്മം ഗീവർഗീസ് മാർ പക്കോമിയോസ് പുതുപ്പാടി എംജിഎം സ്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു. നെല്ലിപ്പൊയിൽ സെന്റ് തോമസ് സ്കൂളിലും, തെയ്യപ്പാറ സ്കൂളിലും, കോഴിക്കോട് സെന്റ് ജോർജ് സ്കൂളിലും പഠനോപകരണ കിറ്റുകൾ തുടർന്ന് വിതരണം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. ബോബി പീറ്റർ, ഫിനഹാസ് റമ്പാൻ, ഫാ. ബിജു, ഫാ. പോൾ, ഫാ. ഷിബു, ഫാ. ബെന്നി, കോഴിക്കോട് മേഖല വിദ്യാർത്ഥി പ്രസ്ഥാനം സെക്രട്ടറി പോൾസൻ എന്നിവർ സന്നിഹിതരായിരുന്നു.



യു. കെ., യൂറോപ്പ്, ആഫ്രിക്കാ ഭദ്രാസനത്തിന്റെ ഭദ്രസന കൗൺസിൽ തിരെഞ്ഞെടുപ്പ് പൂർത്തിയായി. ഫാ. വർഗ്ഗീസ് ടി. മാത്യു ഭദ്രാസന സെക്രട്ടറിയായുള്ള കമ്മിറ്റി നിലവിൽ വന്നു.



കുന്നംകുളം ഭദ്രാസനത്തിൽ നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 16 ഇന പദ്ധതികളുടെ ബ്രോഷർ പ്രകാശനം ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവഹിച്ചു.



പ. അൽവാരീസ് മാർ യൂലിയോസിന്റെ ചരമ ശതാബ്ദിയുടെയും, മലങ്കരയുടെ അംബാസഡർ ആയിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ ചരമ രജത ജൂബിലിയുടെയും ഭാഗമായി നടത്തുന്ന 'പിതൃസ്മൃതി" 2023 ജൂലൈ 29 ശനിയാഴ്ച പരുമലയിൽ നടക്കും. പ്രസ്തുത പ്രോഗ്രാമിലേക്ക് രജിസ്ട്രേഷൻ ചെയ്യുവാനുള്ള ഇലക്ട്രോണിക് രജിസ്ട്രേഷനുള്ള ഗൂഗിൾ ഫോം, നോട്ടീസ്, ക്ഷണക്കത്ത് എന്നിവ ദോഹ മലങ്കര ഓർത്തഡോക്സ് ദൈവാലയത്തിൽ വച്ച് ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു.



പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മാവേലിക്കര ഭദ്രാസനത്തിലെ അറന്നൂറ്റിമംഗലം സെന്റ് കുറിയാക്കോസ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സൈക്കിൾ റാലി ഫാ. സോനു ജോർജ് ഉദ്ഘാടനം ചെയ്തു.

ഭോപ്പാലിൽ നടന്ന 66-ാമത് ദേശീയ സ്കൂൾ ഗയിംസിൽ ബോക്സിങിൽ കേരളത്തിനുവേണ്ടി പങ്കെടുത്ത് എഞ്ചൽ മറിയം വർഗ്ഗീസിന് മൂന്നാം സ്ഥാനം (Bronze Medal) ലഭിച്ചു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആലാ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ്. മുട്ടേൽ സെന്റ് മേരീസ് ഇടവകയിലെ പ്രധാന ശുശ്രൂഷകനായ എൻ. കെ. വർഗ്ഗീസിന്റെയും രാജി വർഗീസിന്റെയും മകളാണ്.

